
ഓർമ്മക്കുറിപ്പുകൾ
എസ്.കാച്ചപ്പിള്ളി

# മറ്റു കൃതികൾ

**കഥകൾ:**

ഒറ്റമുറിവീട്
ഒരു ബുദ്ധിജീവിയും കുറെ അനുയായികളും
ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ
കേശുവിന്റെ കഥ, എന്റെ വിധിയും

**ലേഖനങ്ങൾ:**

കേരളമോഡൽ പ്രതിസന്ധി
ക്ലബ് ഹൗസ്
ക്ലബ് ഹൗസ് രണ്ടാം ഭാഗം
കേരള സാമ്പത്തിക പ്രതിസന്ധി
ചിതറിയ ചിന്തകൾ
ദുരന്തങ്ങൾ നൽകുന്ന പാഠം
സാന്ത്വനം
മൊഴിമുത്തുകൾ
എന്റെ ജനാധിപത്യ ചിന്തകൾ
എന്റെ സാമൂഹ്യ സുരക്ഷാ ചിന്തകൾ

**വാർത്താധിഷ്ഠിതം:**

കഥ തുടരുന്നു
സഞ്ചരിക്കുന്ന അടിയന്തിരാവസ്ഥ

**കരിക്കുലം പഠനം:**

മതമില്ലാത്ത ജീവൻ

web: www.kachappilly.in (free download of all books)
Face book: Sebastian Kachappilly
Youtube: sebastiankachappilly

ഓർമ്മക്കുറിപ്പുകൾ

എസ്.കാച്ചപ്പിള്ളി


| | | |
|---|---|---|
| Author | : | s.kachappilly |
| Phone | : | 9446459784 |
| Email | : | sebastiankachappilly@gmail.com |
| Publishers | : | Samskara Nayarambalam,<br>Kochi 682509. |
| Published on | : | June 2023. |

സമര കോലാഹലങ്ങളുമായി വന്ന് റോഡു പണിയും പാലം പണിയുമെല്ലാം മുടക്കിയിരുന്നവരെ നേരിട്ട അതേ മനോഭാവം സംരംഭക മേഖലയിലും ഉണ്ടാകേണ്ടതുണ്ട്. യൂണിയനുകൾ സമരമുണ്ടാക്കാനോ, ഏതെങ്കിലും രാഷ്ട്രീയ പാർട്ടി വളർത്താനൊ ഉള്ള തല്ല എന്നും അവ നിയമപ്രകാരം രാജ്യത്ത് നില നിൽക്കുന്ന നിയമ സംവിധാനത്തിലൂടെ കുറവുകൾ അപ്പപ്പോൾ പരിഹരിക്കാനുള്ള കൂട്ടായ ശക്തി മാത്ര മാണെന്നും കേരളീയൻ തിരിച്ചറിയുക തന്നെ വേണം.

സുപ്രീം കോടതിയുടെ സാമ്പത്തിക സംവരണ വിധി

പഴയ കാല നായകളും ഇപ്പോഴത്തെ പേപ്പട്ടികളും

ദയാഭായി എന്ന മേഴ്സി മാത്യൂ

കോമരങ്ങൾ ഉറഞ്ഞു തുള്ളുകയാണ്

ലക്ഷം സംരംഭങ്ങളും ലക്ഷണമൊത്ത കളവും

ചായക്കോപ്പയിലെ കൊടുങ്കാറ്റും സീറൊ മലബാർ സഭയും

കേരളത്തിന്റെ ഭാവിയും ലോകായുക്തയും

വിഴിഞ്ഞം തുറമുഖം പുതിയ കാഴ്ചപ്പാട്

സേക്രഡ് ഹാർട്ട് കത്തീഡ്രൽ സന്ദർശനവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും

ആകാംക്ഷ പെരുകുന്ന മാതാപിതാക്കൾ

ശ്രീ.ബെനഗാൾ റാവു

കേരള സ്റ്റോറി എന്ന സിനിമയും തുറന്ന കത്തും

നെടുങ്ങാടിന്റെ തലവരയും എന്റെ ജനകീയാസൂത്രണവും

രാഷ്ട്രീയക്കാരന്റെ കീശ വീർപ്പിക്കാനുള്ള ഉപാധികൾ

## സുപ്രീം കോടതിയുടെ സാമ്പത്തിക സംവരണ വിധി:

സുപ്രീം കോടതി വിധി വന്നിരിക്കുകയാണ്. ജാതി തിരിച്ചുള്ള വീതം വയ്പിൽ മുന്നോക്ക വിഭാഗക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും തത്വത്തിൽ 10% സംവരണമെന്ന ഭരണഘടന ഭേദഗതി ശരിവച്ചിരിക്കുകയാണ്.

ജാതി തിരിച്ചുള്ള സംവരണത്തിനായി അവകാശവാദം ഉന്നയിക്കുന്നവർ പ്രധാനമായും പറയുക സംവരണം കൊണ്ട് സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ ജാതി തിരിച്ചുള്ള പ്രാതിനിധ്യം ലഭിക്കുന്നു എന്നതാണ്. നമ്മുടെ സംസ്ഥാനം 50% ജാതി തിരിച്ചുള്ള സംവരണ രീതിയിൽ നിയമിക്കുകയും ബാക്കി വരുന്ന 50% മെറിറ്റ് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്യുന്നു. 50 ശതമാനത്തിൽ കൂടുതൽ ജാതി തിരിച്ചുള്ള സംവരണം ഉണ്ടായാൽ സർക്കാർ ഓഫീസുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും കാര്യക്ഷമത ഇല്ലാതാകുന്നു എന്നതാണ് അത്തരം ശതമാനക്കണക്കിന് കാരണമായി പറയുന്നത്. ഫലത്തിൽ നമ്മുടെ സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും കാര്യക്ഷമത ഇല്ലാതാകുന്നതിന് പ്രത്യേക കാരണമൊന്നും അന്വേഷിക്കേണ്ടതായി വരുന്നില്ല. അവിടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപപ്പെടുത്തുന്നതിലെ കാര്യക്ഷമതയെപ്പറ്റി സംശയമുന്നയിക്കപ്പെടുന്നത്. പുത്തൻ ടെക്നോളജിയുമായി ഒത്തുപോ

കുന്നതും മുന്തിയ സേവനം കാലഘട്ടത്തിനൊത്തവിധം ജനങ്ങൾക്ക് ലഭ്യമാക്കുന്നതുമായ കാര്യക്ഷമത പ്രതീക്ഷിക്കാവുന്ന ജീവനക്കാരെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിയമിക്കപ്പെടേണ്ടത്.

നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ജാതി സംവരണത്തിലൂടെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ കയറിപ്പറ്റിയവർ, മെറിറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ലിസ്റ്റിൽ ഉൾപ്പെടുന്നത് തുലോം കുറവു തന്നെയാണ്. ജാതിയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടേണ്ട 50% ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിനായി ജാതിയുടെ അടിസ്ഥാനത്തിലും പ്രത്യേകം ലിസ്റ്റ് തയ്യാറാക്കുകയും അതിൽ നിന്ന് നിയമിക്കപ്പെടുകയുമാണ് ഇപ്പോൾ ചെയ്യുന്നത്. ഇരട്ട സംഖ്യകൾ ജാതിയ നിയമനങ്ങളായതിനാൽ വളരെ താഴ്ന്ന നിലവാരമുള്ളവർ ആദ്യ നിയമനങ്ങളിൽ വന്നു പെടുന്നു. ഉയർന്ന റാങ്കിൽപ്പെട്ട ഉയർന്ന കാര്യക്ഷമതയുള്ളവർ പിന്നാലെ നിയമിതരാവുകയും താഴ്ന്ന റാങ്കിൽ പെട്ട താഴ്ന്ന കാര്യക്ഷമതയുള്ള കൺട്രോളിങ് ഓഫീസർമാരാൽ നിയന്ത്രിക്കപ്പെടുന്ന അവസ്ഥയും ഇതുകൊണ്ട് സംജാതമാകുന്നു. ഇതിനൊക്കെപ്പുറമെയാണ് ഇത്തരം കൺട്രോളിങ് ഓഫീസർമാർ ആധുനിക സംവിധാനങ്ങളോട് കാര്യക്ഷമതയുടെ കുറവ് കൊണ്ട് മുഖം തിരിഞ്ഞ് നിൽക്കുന്നത്.

കേരളത്തിലെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് കാര്യക്ഷമതയാർന്ന 10% ജീവനക്കാരെവച്ച് നടത്തിക്കൊണ്ടുപോകാൻ കഴിയുന്നതെയുള്ളൂ. കാര്യക്ഷമതയുടെ കുറവുകൊണ്ടും ആധുനിക സംവിധാനങ്ങളുടെ കുറവുകൊണ്ടും സംസ്ഥാനത്തെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും സമൂഹത്തിന് എന്നപോലെ ഇപ്പോൾ ജാതിയുടെ അടിസ്ഥാ

നത്തിൽ സംവരണം ലഭിക്കുന്ന സമുദായങ്ങൾക്കും ഉയർന്ന സേവനം ലഭ്യമാകാതെ വരുന്നു. സത്യത്തിൽ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും ഉയർന്ന സേവനം ഇപ്പോൾ ജാതിയുടെ അടിസ്ഥാനത്തിൽ സംവരണം ലഭിക്കുന്നവർക്ക് ലഭ്യമാകാതെ വരുന്നത് അവരുടെ ജീവിത സാഹചര്യങ്ങളെ കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു. ഉയർന്ന സേവനം ഇത്തരക്കാർക്ക് ലഭ്യമായാൽ മാത്രമെ കാലഘട്ടത്തിനനുസരിച്ച് ആധുനികമായി വളരാൻ സാധിക്കുകയുമുള്ളൂ.

ഇരുപത്തി ഒന്നാം നൂറ്റാണ്ടിനൊത്ത് വളരാൻ കഴിഞ്ഞാൽ മാത്രമെ ജാതിചിന്ത ഇല്ലായ്മ ചെയ്യാൻ കഴിയുകയുമുള്ളൂ. അതുകൊണ്ടുതന്നെ സുപ്രീം കോടതിയുടെ വിധി പരമപ്രധാനമായി മാറുന്നു. നമ്മുടെ സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിലേയും പൊതുമേഖല സ്ഥാപനങ്ങളിലേയും കാര്യക്ഷമതയുടെ കുറവും വൃത്തിയില്ലായ്മയും കമ്പ്യൂട്ടർവൽക്കരണത്തോടുള്ള എതിർപ്പും പൗരന്മാരോടുള്ള പെരുമാറ്റവും ഇത്തരം സ്ഥാപനങ്ങളിലെ മുന്നോക്ക വിഭാഗക്കാരുടെ കുറവുകൊണ്ടാണെന്ന ആക്ഷേപം സുപ്രീം കോടതിയുടെ ഇപ്പോഴത്തെ വിധിയോടെ അവസാനിക്കുമെന്നും പ്രതീക്ഷിക്കാം.

## പഴയ കാല നായകളും ഇപ്പോഴത്തെ പേപ്പട്ടികളും

വർഷങ്ങൾക്ക് മുമ്പാണ് 1970-80 കളുടെ കാലഘട്ടം. വീട്ടിൽ നിന്നും കൊപ്ര കളത്തിലേക്ക് പതിനഞ്ച് മിനിറ്റ് നടത്തമാണുള്ളത്. വേലി അതിർത്തികളൊ ടാറിട്ട റോഡ് പോയിട്ട് പ്രത്യേക വഴികൾ എന്നു പറയാനാവാത്തവിധം ഒന്നുമില്ലാത്തിടത്തു കൂടിയുള്ള യാത്ര. പല വീട്ടിലും പട്ടികളുണ്ട്. ഞങ്ങൾ ആകട്ടെ കളത്തിലേക്ക് പോവുമ്പോൾ ഞങ്ങളുടെ കൂടെ ഞങ്ങളുടെ നായയുമുണ്ടാകും. അന്നത്തെ കുട്ടികളൊക്കെ നായയെ കണ്ടാൽ കല്ലെടുത്തെറിയുക സാധാരണം. എങ്കിലും മാതാപിതാക്കൾ ചില മുന്നറിയിപ്പുകളൊക്കെ കുട്ടികൾക്ക് കൊടുക്കും. അത് മനേത്തെ പട്ടിയാണ്.

കളത്തിൽ നിന്നും കൊപ്ര വഞ്ചിയിൽ കയറ്റി പോവുന്നതാകട്ടെ പുഴയിലെ വെള്ളത്തിന്റെ ഏറ്റത്തിന്റേയും ഇറക്കത്തിന്റേയും വലിവ് നോക്കിയാണ്. അതുകൊണ്ടുതന്നെ എറണാകുളമെത്തുമ്പോൾ പുഴയിലെ വെള്ളം ഇറക്കം നിലക്കാറാവും വിധമായിരിക്കണം ഉദ്ദിഷ്ട സ്ഥലത്ത് എത്തേണ്ടത്. അല്ലെങ്കിൽ വഞ്ചി കുത്തുന്നവർക്ക് പണിയാകും. വഞ്ചി പ്രതീക്ഷക്കൊത്തു നിയന്ത്രിക്കാനൊ സമയത്തിന് ഉദ്ദേശിച്ച സ്ഥലത്ത് എത്തുവാനൊ കഴിയുകയില്ല. നൂറൊ അതിലധികമൊ ഒക്കെ ചാക്കുകൾ നിറച്ച് അതിനു മുകളിലൂടെ നടന്നും അല്ലാതെയും വഞ്ചി കഴുക്കോൽ ഉപയോഗിച്ച് കുത്തി മുന്നോട്ടുള്ള യാത്ര കാഴ്ചക്കാർക്ക് അതീവ

രസകരമാണ്. വീരൻ പുഴയിൽ എത്തിയാൽ പിന്നെ കാറ്റ് ഒത്ത് കിട്ടിയാൽ പായ് നാട്ടുകയുമാകാം. ഇടക്കിടെ അവിട വിടെ വഞ്ചികൾക്ക് അടുക്കാനും ചായകുടിക്കാനുമൊക്കെ ഇടത്താവളങ്ങൾ ഉണ്ട്.

ഏതാണ്ട് വെളുപ്പിനൊ രാവിലെയൊ അല്ലെങ്കിൽ സൂര്യന്റെ ചൂടു ശരീരത്തിൽ ഏൽക്കുന്നതിനു മുമ്പൊ എറണാകാളത്തെത്തും വിധമാണ് വഞ്ചി തള്ളുന്നത്. അതു കൊണ്ടുതന്നെ വഞ്ചി കൊപ്രയുമായി പുറപ്പെടുക രാത്രിയുടെ ഏതെങ്കിലും യാമങ്ങളിലായിരിക്കും. ഏകാദ ശിയും ദ്വാദശിയുമൊക്കെ ചെമ്മീൻ കെട്ടുകാർക്ക് മാത്രമല്ല വഞ്ചിയിൽ ദീർഘദൂര യാത്ര ചെയ്യുന്നവർക്കും അറിയാം. ഒരുപക്ഷെ 2018-ലെ വെള്ളപ്പൊക്കത്തിന്റെ തീവ്രത ഇത്രയും ഗുരുതരമാകാൻ കാരണവും കടൽ വെള്ളം പുഴയിലേക്ക് കയറുന്നതും ഇറങ്ങുന്നതുമായ വാവുമായി ബന്ധപ്പെട്ട കല ണ്ടറിനെപ്പറ്റി ഡാം മാനേജ്മെന്റിനെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ അറിവില്ലായ്മയിലൂന്നിയ നിർബന്ധ ബുദ്ധിയുമാകാം. ഏകാദശിയിലാണെങ്കിൽ എപ്പോൾ വെള്ളത്തിന്റെ ഏറ്റം (കയറ്റം) നിലക്കുമെന്നതും എപ്പോൾ വെള്ളത്തിന്റെ ഇറക്കം നിലക്കുമെന്നതും ഇവി ടത്തെ പ്രദേശവാസികൾക്ക് ഉള്ളം കൈയ്യിലെന്നപോലുള്ള അറിവുകളിലൊന്നാണ്.

കൊപ്ര തൂക്കം നോക്കി ചാക്കിലാക്കി നിറച്ച് അട്ടി യായി വച്ചിരിക്കും. പുറപ്പെടും മുമ്പായി വഞ്ചിയിലേക്ക് അട്ടി വക്കുന്നതിനുള്ള മുന്നോടിയാണത്. അതുകൊണ്ടു തന്നെ കളത്തിലേക്ക് ഇരുട്ട് വീണ സമയങ്ങളിലുള്ള യാത്ര സാധാരണമാണ്. അക്കാലത്ത് ആഴ്ചയിൽ മൂന്നൊ നാലൊ വഞ്ചികൾ കൊപ്രയുമായി പുറപ്പെടുക സാധാരണം. അപ്പോഴാണ് കളത്തിലേക്കുള്ള യാത്രകളിൽ പട്ടികളുടെ

ശല്ല്യമുണ്ടാകാൻ സാധ്യതയുള്ളതും. കളത്തിന്റെ താക്കോൽ കൂട്ടം ഒരു മുഴുത്ത വടിയുടെ അറ്റത്ത് പൊഴിതുണ്ടാക്കി പിരിച്ച ചാക്കുവള്ളിയിൽ കോർത്താണ് ഇട്ടിരിക്കുന്നത്. മുഴുത്ത വടി എന്നു പറഞ്ഞാൽ വണ്ണത്തിനനുസരിച്ചുള്ള ഭാരം കാണില്ലെങ്കിലും അതുകൊണ്ട് അലഞ്ഞു നടക്കുന്ന പട്ടികൾക്ക് ദേഹ രക്ഷാർത്ഥം ഒന്നു കൊടുത്താൽ അത് അച്ചട്ട് പോലിരിക്കും. അതുകൊണ്ട് തന്നെ നിലാവിന്റെ അരണ്ട വെളിച്ചത്തിലും ലഭിക്കുന്ന ധൈര്യം വടിയുടെ ബലമാണ്. രാത്രികാലങ്ങളിലുള്ള യാത്രയുടെ ബലത്തിനാണ് താക്കോൽകൂട്ടം വടിയിൽ പൊഴുതുണ്ടാക്കി കോർത്തിട്ടിരിക്കുന്നതെങ്കിലും പകൽ കൊപ്ര ഉണക്കാനും മറ്റുമുള്ള യാത്രകളിൽ ഉണ്ടാകുന്ന അസൗകര്യം പിന്നീട് അത്തരം വടികളെ ഉപേക്ഷിക്കാൻ നിർബന്ധിതരായി.

ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ കേരളത്തിൽ ജനിക്കുന്ന കുട്ടികൾക്ക് അന്നത്തെ താക്കോൽ കൂട്ടം സൂക്ഷിച്ചിരുന്ന മരത്തിന്റെ ദണ്ഡുകൾ ഒന്നു പരീക്ഷിക്കാവുന്നതാണ്. എപ്പോഴാണ് നമ്മുടെ നേരെ പാഞ്ഞടുക്കുന്ന പേ പിടിച്ച പട്ടികളും തല കറുത്ത ഭീകരൻ പട്ടികളും കടിച്ചു കീറാൻ വരുന്നതെന്ന് അറിയില്ലല്ലൊ.

## ദയാഭായി എന്ന മേഴ്സി മാത്യൂ

2016 ജൂൺ മാസത്തിലിറങ്ങിയ എന്റെ തന്നെ പുസ്തമായ ദുരന്തങ്ങൾ നൽകുന്ന പാഠം എന്നതിൽ എൻഡോസൾഫാൻ സംബന്ധിയായ ഒരു ലേഖനവുമുണ്ട്. ജനസാന്ദ്രതയിൽ വളരെ മുന്നിട്ടു നിൽക്കുന്ന കേരളത്തെപ്പോലുള്ള സംസ്ഥാനത്താണ് ഹെലിക്കോപ്റ്റർ മുഖേന എൻഡോസൾഫാൻ പ്രയോഗം നടത്തിയത് എന്നത് നമ്മുടെ സംസ്ഥാനത്തെ പൗരന്മാരുടെ രാഷ്ട്രീയ വിധേയത്വത്തിന്റെ തിരുത്താനാവാത്ത തെറ്റു തന്നെയാണ് എന്നതായിരുന്നു അതിലെ പ്രധാന വാദം.

കേരളത്തിൽ ജനിച്ച് ആതുര സേവനത്തിനായി കേരളം വിട്ട് ആദിവാസി മേഖലയിൽ അവരോടൊത്ത് അവരിലൊരാളായി ജീവിക്കുന്ന ദയാഭായി എന്ന വിളിപ്പേരുള്ള സാമൂഹ്യ പ്രവർത്തകയാണ് മേഴ്സി മാത്യൂ. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ അനന്തമായി പരിഹരിക്കപ്പെടാതെ പോവുന്നതിന്റെ പേരിലുള്ള അവരുടെ നിരാഹാര സമരം ഒത്തുതീർപ്പിൽ എത്തിയിരിക്കുകയാണ്. ഒത്തു തീർപ്പ് എന്ന നിലയിൽ കുറെ ഉറപ്പുകൾ സർക്കാർ കൊടുത്തിരിക്കുകയാണ്. 17 ദിവസം നീളുന്ന നിരാഹാര സത്യാഗ്രഹത്തിനൊടുവിൽ എഴുതി ലഭിച്ച ഉറപ്പുകൾക്കൊന്നും മാനം നോക്കി കിടുക്കാൻ മാത്രം സാധിക്കുന്ന ഒരു കൂട്ടം ആളുകളുടെ പരിതാപകരമായ അവസ്ഥക്ക് പരിഹാരമാകുന്നതല്ല. നമ്മുടെ കൊച്ചു സംസ്ഥാന

മായ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിലെ വാർഡുകൾ അടിസ്ഥാത്തിൽ എൻഡോസൾഫാൻ ബാധിതരെ വീതിച്ചെടുക്കുകയാണെങ്കിൽ മൂന്നൊ നാലോ വാർഡ് എടുക്കുമ്പോൾ അതിലൊരാൾ എൻഡോസൾഫാൻ ബാധിതനായി വരുന്നു എന്ന അവസ്ഥ. അതായത് നമ്മുടെ വീട്ടിലൊ നമ്മുടെ അയൽ വീട്ടിലൊ അത്തരമൊരു എൻഡോസൾഫാൻ ദുരിത ബാധിതൻ ഇല്ലാത്തത് ഭാഗ്യം കൊണ്ടു മാത്രമാണ്. ഇത്തരമൊരു അവസ്ഥക്ക് ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും ഓരോ കേരളീയനും മറുപടി പറയേണ്ടതായി വരുന്നു.

പോരാട്ടങ്ങളുടെ നീണ്ട നിര ദയാ ബായിക്ക് പുതിയതല്ലെങ്കിലും അവരുടെ വിലാപവും കേരളീയനെ ചിലതൊക്കെ ഓർമിപ്പിക്കുന്നുണ്ട്. എൻഡോ സൾഫാൻ പ്രയോഗിച്ചതു മൂലം ജന്മം കൊണ്ടു ശാരീരിക വൈകല്ല്യമുള്ളവരായി ജനിക്കേണ്ടി വന്നവർക്ക് വേണ്ടിയുള്ള പോരാട്ടം കേരള സമൂഹത്തെ ചിലതൊക്കെ ഓർമ്മപ്പെടുത്തുന്നുണ്ട്. വിദ്യാഭ്യാസത്തിലും ധാർമ്മികതയിലും പരിസ്ഥിതി സംരക്ഷണത്തിലും സാമൂഹിക വളർച്ചയിലുമൊക്കെ പ്രാവീണ്യമുള്ള രാഷ്ട്രീയ ഭരണ നേതൃത്വങ്ങളെ ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും കേരളം നേടിയെടുക്കേണ്ടതുണ്ട് എന്നതാണ്. കണ്ണടച്ചുള്ള രാഷ്ട്രീയ വിധേയത്വമില്ലായിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഇത്രയധികം ജന്മനാ വൈകല്ല്യമുള്ള, മാനം നോക്കി കിടക്കാൻ മാത്രം വിധിക്കപ്പെട്ടവരായി ഒരു കൂട്ടം ആളുകൾ പിറവിയെടുക്കില്ലായിരുന്നു.

## കോമരങ്ങൾ ഉറഞ്ഞു തുള്ളുകയാണ്

രാഷ്ട്രീയ കോമരങ്ങൾ ഉറഞ്ഞു തുള്ളുകയാണ്. സംസ്ഥാനത്തെ തൊഴിൽ മേഖലയിലും ഭരണ മേഖലയിലും അടവുകൾ പയറ്റി കയറിപ്പറ്റിയവർ ഉറഞ്ഞു തുള്ളുകയാണ്. ശരിയെന്നൊ തെറ്റെന്നൊ ഉള്ള ചിന്തകളല്ല അവരെ നയിക്കുന്നത്. പാർട്ടി ക്ലാസുകളിൽ പറഞ്ഞതു കേട്ടതുപോലെ പറയുകയാണ്. അലറി വിളിച്ച് അനുകരിക്കുകയാണ്. സാക്ഷരതയിൽ മുമ്പന്തിയിൽ എത്തിയെങ്കിലും അക്ഷരജ്ഞാനം അറിവല്ല എന്നും അറിവിന്റെ വാതായനങ്ങളാണെന്നും എന്നാണാവൊ അനുകരണക്കാർ തിരിച്ചറിയുക.

കേരളത്തിലെ ക്ഷേത്രങ്ങളും പള്ളികളുമൊക്കെ സംരക്ഷിക്കുന്നതിനും അവയുടെ നടത്തിപ്പിനുമൊക്കെയായി എത്രയെത്ര കോടികൾ ആണ് കേരള സർക്കാർ ചിലവഴിക്കുന്നത്. അപ്പോഴും രാമക്ഷേത്രത്തിനായി കേന്ദ്രം മുടക്കുന്ന കോടികളെപ്പറ്റി കേരളീയൻ പരിദേവനം നടത്തുന്നു.

കെ.എം. മാണി പ്രതിമ നിർമ്മിക്കാൻ കോടികൾ ബഡ്ജറ്റിൽ വക കൊള്ളിച്ചതിനെ അറിയാത്ത ഭാവം കാണിക്കുന്നവർ സർദാർ വല്ലഭായി പട്ടേലിന്റെ പ്രതിമ സ്ഥാപിച്ചതിൽ പരിതപിക്കുന്നു.

തൃശൂർപൂരം തുടങ്ങി വിവിധങ്ങളായ ആഘോഷങ്ങൾക്ക് കയ്യും മെയ്യും മറന്ന് കോടികൾ ചിലവഴിക്കപ്പെടേ

ണ്ടി വരുന്നതു ശ്രദ്ധിക്കാത്തവർ കുംഭമേളയുടെ ചിലവിനെ യോർത്ത് പരിതപിക്കുന്നു.

പാർലമെന്റ് ഹാൾ നിർമ്മിതിയുമായുള്ള സെൻട്രൽ വിസ്ത പ്രൊജക്ടിനായി ചിലവഴിക്കപ്പെടുന്ന തുകയെപ്പറ്റി ആശങ്കപ്പെടുന്ന കേരളീയൻ നമ്മുടെ നിയമസഭാ മന്ദിര ത്തിന്റെ നിർമ്മിതിയിലെ ആർഭാടത്തേയും വിസ്മരിക്കുന്നു.

കേരളത്തിലെ ഭരണ ശ്രേണിയിലുള്ളവർക്ക് ആർഭാടം കാണിക്കാൻ വൻതുക കൊടുത്ത് ആഡംഭര വാഹനങ്ങളും കൂടെ കൂടെ മാറ്റുന്ന അവയുടെ ടയറിനുമായി കോടികൾ ചിലവഴിക്കുന്നത് നേതൃനിര ചോദ്യം ചെയ്യാത്തതുകൊണ്ട് മോദി സർക്കാർ വാങ്ങിയ രണ്ടു ബോയിങ് വിമാനത്തെ യോർത്ത് വിലപിക്കുന്നു.

കേന്ദ്രത്തിലെ മോദി സർക്കാർ ചിലവാക്കിയ പരസ്യ ങ്ങളെപ്പറ്റി ആകുലപ്പെടുന്ന കേരളീയൻ പക്ഷെ കേരള ത്തിലെ ഭരണ തലപ്പത്തിരിക്കുന്നവരുടെ സോഷ്യൽ മീഡിയ സംരക്ഷിക്കുന്നതിനായി ചിലവഴിക്കപ്പെടുന്ന കോടികളെപ്പറ്റി മൗനം പാലിക്കുന്നു.

നമസ്തേ ട്രംമ്പ് പരിപാടിക്കായി ചിലവഴിക്കുന്ന കോടികൾ രാജ്യതാൽപ്പര്യത്തിനിണങ്ങുന്നതായിരുന്നില്ല എന്നു വിശ്വസിക്കുന്ന ഒരുകൂട്ടം കേരളീയർ സംസ്ഥാനത്തെ പ്രമുഖരുടെ മുഖം മിനുക്കുന്ന പരസ്യ കോലാഹല ങ്ങൾക്കായി ചിലവഴിക്കുന്ന കോടികളെപ്പറ്റി മൗനം പാലി ക്കുന്നു.

കേരളീയ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ എത്രയെത്ര കോടികളാണ് കുടുംബസമേതവും അല്ലാതെയും വിദേശ യാത്രക്കായും അല്ലാതെയുമൊക്കെ ഖജനാവിന്റെ അവ

സാന തുകയും അവശേഷിക്കുന്നുണ്ടോ എന്ന തിരക്കിയത് എന്നറിയാത്തവർ കേന്ദ്രത്തിലെ നേതാക്കളുടെ വിദേശ യാത്രയെപ്പറ്റി ആശങ്ക അറിയിക്കുകയും ചെയ്യുന്നു.

എന്നും എപ്പോഴും കേരളത്തിനു പുറത്ത് നടക്കുന്നവ യെപ്പറ്റി നിലപാടെടുക്കുകയും വാതോരാതെ പ്രസംഗിക്കു കയും ചെയ്യുന്നവർ കേരള സംസ്ഥാനത്ത് പലപ്പോഴായി എടുത്തിട്ടുള്ള കുത്തഴിഞ്ഞ നിലപാടുകൾമൂലം പ്രതിസന്ധി യിലാകുന്ന ജനങ്ങളുടെ അവകാശങ്ങളെ മനസ്സിലാക്കാതെ മത്സരിക്കുകയാണ്. ഉദാഹരണങ്ങളുടെ നീണ്ട നിരതന്നെ ഒരോ കേരളീയനേയും അമ്പരിപ്പിക്കുന്നതാണ്.

ഏറെക്കുറെ പാർട്ടിയുടെ നേതൃത്വത്തിൽ പാർട്ടി ക്ലാസ്സുകൾ എടുത്തിരുന്നവർ ഇപ്പോൾ യൂണിവേഴ്സിറ്റി കളിലും സർക്കാർവക കോളേജുകളിലുമൊക്കെ അദ്ധ്യാപക വേഷത്തിൽ തകർത്താടുകയാണ്.

വ്യക്തിത്വത്തെ മാനിക്കാതെയുള്ള കേരളീയന്റെ ജാതിയും രാഷ്ട്രീയവും നോക്കിയുള്ള തൊഴിൽ രംഗ ത്തേയും ഭരണ രംഗത്തേക്കുമുള്ള തിരഞ്ഞെടുപ്പ് ഇത്തരം പൈങ്കിളി പാപ്പരത്വത്തിന് വഴിതെളിക്കുന്നു എന്നു മാത്രമല്ല ഇനിയും വരാനിരിക്കുന്ന മഹാവിപത്തുകളെ നേരിടുന്നതി ലുള്ള പരാജയങ്ങളുടെ തുടക്കമായി കാണേണ്ടിയിരിക്കുന്നു.

## ലക്ഷം സംരഭങ്ങളും ലക്ഷണമൊത്ത കളവും

കേരളം മറ്റിതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സമാനതകളില്ലാത്ത വ്യത്യാസങ്ങൾ ഉള്ള സംസ്ഥാനമാണെന്നു കാണാം. കേരള സംസ്ഥാനം രൂപീ കൃതമാകുന്നതിനു മുമ്പെ തന്നെ ആ പ്രദേശങ്ങൾ ഉൾക്കൊ ള്ളുന്ന ഭൂപ്രദേശങ്ങൾ വിദ്യാഭ്യാസ, ആരോഗ്യ മേഖലക ളിലെ അപ്രമാദിത്വം തെളിയിച്ച പ്രദേശങ്ങളായിരുന്നു. അതുകൊണ്ടു തന്നെ നമ്മുടെ സംസ്ഥാനമായ കേരളം മറ്റി തര വികസിത രാജ്യങ്ങളുടെ നിലവാരത്തിലാണെന്ന് ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. അപ്പോഴും ലോകക്ര മത്തോടൊപ്പം മറ്റിതര സംസ്ഥാനങ്ങളും വിദ്യാഭ്യാസ ആരോഗ്യ മേഖലയോടൊപ്പം മറ്റിതര മേഖലയിലും ക്രമാനു ഗതമായ വളർച്ച നേടുകയുണ്ടായി. നമ്മുടെ സംസ്ഥാന മായ കേരളത്തിനാകട്ടെ സേവന മേഖലകളായ വിദ്യാഭ്യാ സം, ആരോഗ്യം എന്നീ മേഖലയിൽ മാത്രമെ ശ്രദ്ധ കേന്ദ്രീക രിക്കാൻ കഴിഞ്ഞുള്ളൂ.

കേരളം രൂപീകൃതമായതിനുശേഷം ആദ്യ ആഘാതം കാർഷിക മേഖലയിൽ തന്നെയായിരുന്നു. അന്നം തന്നെ കേരളീയന് അന്യമായ നാളുകളായിരുന്നു. കാർഷിക മേഖ ലയിൽ ട്രാക്റ്റർ പോലുള്ള ആധുനിക സംവിധാനങ്ങൾ അഞ്ചയലത്ത് പോലും അടുപ്പിക്കാതിരിക്കാൻ കേരളം ശ്രമിച്ചിരുന്നു. അതിന്റെ ഫലമായി അന്യ സംസ്ഥാനങ്ങൾ കാർഷിക വിപ്ലവവുമായി മുന്നേറിയപ്പോൾ അത്തരം സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലുമായി കേര

ളം. ഫലമൊ അറുപതുകളിൽ പശിയടക്കാൻ ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ അന്യസംസ്ഥാനങ്ങൾ ഉൽപ്പാദിപ്പിക്കുമ്പോൾ കേരളീയൻ കാർഷിക മേഖലയിൽ അന്യനെപ്പോലെ നിലകൊണ്ടു. ഏതാണ്ട് എഴുപതുകളുടെ അവസാനമായപ്പോഴാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യയോഗ്യമായ അരിയും മറ്റും കേരളത്തിന് ആവശ്യമായവ മെല്ലെ മെല്ലെ എത്തി തുടങ്ങിയത്. വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കൾ കഴിച്ച് നമ്മുടെ ആരോഗ്യ മേഖലയുമായി ബന്ധിപ്പിക്കാവുന്ന ആശുപത്രികളിൽ രോഗാതുരരായ ആളുകളുടെ വൻ തിരക്ക് ഇപ്പോൾ അനുഭവപ്പെടുന്നതായി കാണാവുന്നതാണ്.

രാഷ്ട്രീയ സാംസ്ക്കാരിക നേതൃത്വങ്ങൾ നേതൃത്വം നൽകി കാർഷിക മേഖലയിൽ വളർത്തിയെടുത്ത ആധുനിക യന്ത്രസാമഗ്രികളോടുള്ള എതിർപ്പ് കേരളീയൻ നെഞ്ചിലേറ്റി വളർത്തിയിരുന്നു. അതുകൊണ്ടു തന്നെ ഒരു റോഡൊ, ഒരു പാലമൊ പണിയാനാവാത്ത അവസ്ഥയിലായി കേരളം. ആദ്യം പണി തരൂ എന്നിട്ടാകാം യന്ത്രങ്ങൾ എന്ന നേതൃത്വങ്ങളുടെ മുദ്രാവാക്യങ്ങൾ അണികൾ ഏറ്റെടുത്തിരുന്നു. റോഡു പണികളും പാലം പണികളുമെല്ലാം വലിയ ചിലവുള്ളതും സമര കോലാഹല വേദികളുമായി മാറുകയും അവ ആധുനിക നിലവാരമില്ലാത്തവയുമായിരുന്നു. ഏതാണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പാലത്തിന്റേയും റോഡുകളുടേയും ശോചനീയമായ കുറവ് കേരളീയൻ തിരിച്ചറിയുകയും ആ മേഖലയിലെ സമരാഭാസങ്ങളെ മാറി മാറി വരുന്ന സർക്കാരുകൾ നേരിടുന്നതിൽ ഒരു പരിധി വരെ ജനങ്ങളോടൊപ്പം നിൽക്കുകയും ചെയ്തു. തത്ഫലമായി ചെറിയ, ചെറിയ മുന്നേറ്റങ്ങൾ പാലങ്ങളുടെ

കാര്യത്തിലും റോഡുകളുടെ കാര്യത്തിലും കേരള ത്തിലുണ്ടായി.

പഞ്ചായത്ത് രാജ് സംവിധാനം മറ്റിതര സംസ്ഥാനങ്ങ ളോടൊപ്പം കേരളത്തിലും നടപ്പിലാക്കിയതോടെ കേരള ത്തിന്റെ മുക്കിലും മൂലയിലും റോഡുകൾ രൂപപ്പെട്ടു എന്നതും എടുത്തു പറയേണ്ടതുണ്ട്. അപ്പോഴും ഏതെ ങ്കിലും തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കാൻ കഴിയാ ത്തത്ര സമര കോലാഹലങ്ങൾ എങ്ങും മുഴങ്ങിയിരുന്നു. സർക്കാർ മേഖലയിലെ നോക്കു കൂലി സംസ്ക്കാരം തൊഴിൽ മേഖല മുഴുവൻ വ്യാപിക്കുകയും സ്വന്തം വീട് നിർമ്മിക്കുന്നതിനായി സാധനങ്ങൾ വീട്ടുടമക്ക് പോലും ഇറ ക്കുവാൻ സാധിക്കാതായി. ഇക്കാര്യത്തിൽ കേരളം നിയമ സംവിധാനങ്ങളെ ഏഴയലത്ത് നിർത്തുകയില്ലായെന്ന വാശി യിലായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകൾക്കും ചെറിയ സംരംഭങ്ങൾ ആരംഭിക്കാൻ ശ്രമിച്ചവർക്കുമൊക്കെ ആശ്രയമറ്റവരായി നിലകൊള്ളാനെ കഴിഞ്ഞുള്ളൂ. ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും കേരളത്തിലെ സ്ത്രീകളുടെ പ്രധാന തൊഴിലിടങ്ങളായി തൊഴിലുറപ്പ് പദ്ധതി അങ്ങനെ നിലകൊള്ളുന്നു.

ഇരുപത്തൊന്നാം നൂറ്റാണ്ടിലും സമരങ്ങൾക്ക് പ്രസക്തിയുണ്ട് എന്നു ചിന്തിക്കുന്നവരുടെ നാടായി കേരളം മാറി. സത്യത്തിൽ ആധുനിക ലോകക്രമത്തിൽ വികസിത രാജ്യങ്ങളിലെപ്പോലെ കേരളത്തിലും പുത്തൻ തൊഴിൽ നിയമങ്ങൾ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരെ തുണക്കുന്നവയാണ്. തൊഴിൽ മേഖലയിലെ തർക്കങ്ങൾ സമരത്തിലൂടെയല്ല പരിഹരിക്കപ്പെടേണ്ടതെന്നും അതിന് കോടതികൾ ഉൾപ്പെടെയുള്ള നിയമ സംവിധാനങ്ങളെയാണ് ആശ്രയിണ്ടേതെന്നും എന്നാണ് കേരളം തിരിച്ചറിയുക.

കേരളത്തിൽ തുടങ്ങാനിരുന്ന കിറ്റക്സിന്റെ പുതിയ വ്യവസായ സംരംഭം പരവതാനി വിരിച്ച് അന്യസംസ്ഥാനം കൊണ്ടു പോയപ്പോഴും കേരളം വ്യവസായ സൗഹൃദ സംസ്ഥാനമല്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു. ചുരുക്കത്തിൽ സമര കോലാഹലങ്ങളുമായി വന്ന് റോഡു പണിയും പാലം പണിയുമെല്ലാം മുടക്കിയിരുന്നവരെ നേരിട്ട അതേ മനോഭാവം സംരംഭക മേഖലയിലും ഉണ്ടാകേണ്ടതുണ്ട്. യൂണിയനുകൾ സമരമുണ്ടാക്കാനോ, ഏതെങ്കിലും രാഷ്ട്രീയ പാർട്ടി വളർത്താനൊ ഉള്ളതല്ല എന്നും അവ നിയമപ്രകാരം രാജ്യത്ത് നിലനിൽക്കുന്ന നിയമ സംവിധാനത്തിലൂടെ കുറവുകൾ അപ്പപ്പോൾ പരിഹരിക്കാനുള്ള കൂട്ടായ ശക്തി മാത്രമാണെന്നും കേരളീയൻ തിരിച്ചറിയുക തന്നെ വേണം. കേരളത്തിൽ കൂടുതൽ കൂടുതൽ സംരംഭങ്ങൾ അവന്റെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും അനുസരിച്ച് ആരംഭിക്കുകയും കേരളത്തിന്റെ ബുദ്ധികേന്ദ്രങ്ങൾ അന്യസംസ്ഥാനങ്ങളിലേയ്ക്കും അന്യരാജ്യങ്ങളിലേക്കും കുടിയേറുന്ന അവസ്ഥക്ക് വിരാമമാവുകയും ചെയ്യും. പ്രബുദ്ധ കേരളത്തിലെ സ്ത്രി സംരഭകർ തന്നെ കേരളത്തിന്റെ വരുമാനവും തൊഴിലില്ലായ്മയുമൊക്ക പരിഹരിക്കപ്പെടുന്നതിൽ മുമ്പന്തിയിലുണ്ടാവുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യാം.

## ചായക്കോപ്പയിലെ കൊടുങ്കാറ്റും സീറൊ മലബാർ സഭയും

സീറൊ മലബാർ സഭയിൽ ഒരു ചെറിയ കൂട്ടം വൈദീകരുടെ ആശീർവാദത്തോടെ വിമതപക്ഷം നടത്തുന്ന ഛിദ്രപ്രവൃത്തികൾ സഭയിലെ ഭൂരിഭാഗം വരുന്ന സഭാ വിശ്വാസികളുടെ ക്ഷമയെ ചോദ്യം ചെയ്യുന്നതാണ്. ഏകീകൃത കുർബാനയുടെ പേരിലുള്ള ഈ വാഗ്വാദങ്ങളിൽ പക്ഷം ചേർന്ന ഒരുകൂട്ടം വൈദീകരുടെ ചട്ടുകങ്ങളായി വളരെ ചെറിയ ന്യൂനപക്ഷം ആളുകൾ മാറിയിരിക്കുകയാണ്. അവരാകട്ടെ ഒരു പള്ളി പ്രദക്ഷിണത്തിന്റെ അത്രയും ആളുകളെ ഒത്തുകൂട്ടി ജാഥ നടത്തിയതിന്റെ ആവേശത്തിലാണ്. സിനഡിന്റെ തീരുമാനങ്ങളെ അവഗണിച്ചുകൊണ്ട് തങ്ങൾ പറയുന്നതാണ് സിനഡ് അംഗീകരിക്കേണ്ടത് എന്ന രീതിയിലായിരിക്കുന്നു കാര്യങ്ങൾ.

മറ്റിതര സമുദായങ്ങളുമായി തോളോട് തോൾ ചേർന്നു പോകുന്ന ഏറെ ശാന്തതയും പക്വതയും പ്രകടമാക്കുന്നവരാണ് സീറോ മലബാർ സഭാ വിഭാഗങ്ങൾ. അവിടെയും ആത്മീയ യോഗ്യതയില്ലാത്തവർ വൈദീകരായി എത്തപ്പെട്ടുവൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അനുസരണം ബലിയേക്കാൾ ഉത്തമമാണെന്ന കാര്യവും ആ വൈദീക ശ്രേഷ്ഠർ മറന്നു പോയിരിക്കുന്നു.

സീറൊ മലബാർ സഭയുടെ തനത് സ്വഭാവം ഉൾക്കൊള്ളാൻ കഴിയാത്തവരെ സഭയിൽ അംഗങ്ങളാക്കിയതിന്റെ

അനന്തരഫലവുമാകാം സിനഡിന്റെ തീരുമാനങ്ങളെ അനുസരിക്കാത്ത ഇത്തരം പെരുമാറ്റങ്ങൾക്ക് കാരണം. തങ്ങളുടെ വരുതിയിൽ വരാത്ത സമുദായങ്ങളിൽ അനൈക്യമുണ്ടാക്കാൻ എല്ലാക്കാലത്തും രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ ശ്രമിച്ചിട്ടുണ്ട്. സീറൊ മലബാർ സഭയിൽ അനൈക്യമുണ്ടാക്കി അവിടെയും വെടക്കാക്കി തനിക്കാക്കാനുള്ള രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ ശ്രമങ്ങളിൽ വശംവദരായി ഒരു കൂട്ടം വൈദീകരും അവരുടെ സിൽബന്ധികളും മാറുന്നു എന്നതാണ് ഈ നൂറ്റാണ്ടിന്റെ സ്വാഭാവീകത. ക്രിസ്ത്യൻ സ്ഥാപനങ്ങളുടെ ഉന്നത നിലവാരം പ്രത്യേകിച്ച് സീറോ മലബാർ സഭയുടെ സ്ഥാപനങ്ങളുടെ മേന്മ സമൂഹം അംഗീകരിച്ചിട്ടുള്ളതാണ്. രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ കലക്ക വെള്ളത്തിൽ മീൻപിടിക്കാനുള്ള ശ്രമങ്ങൾ പാഴവേല തന്നെയാണ്.

എറണാകുളം അങ്കമാലി രൂപതയുമായി ബന്ധപ്പെട്ട് അറിയപ്പെടുന്ന ഹൈസ്ക്കൂളുകളിലൊന്നായിരുന്നു ഞാറക്കൽ ലിറ്റിൽ പ്ലവർ ഹൈസ്ക്കൂൾ. ഒത്തിരി പ്രശസ്തരേയും വിവിധ മേഖലകളിൽ ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചവരേയും സംഭാവന ചെയ്ത ഹൈസ്ക്കൂളുമായിരുന്നു അത്. സന്യാസിനി സമൂഹത്തിലെ വളരെ ചെറിയ ഒരു കൂട്ടം അതിന്റെ ഉടമസ്ഥാവകാശം ഉന്നയിച്ച് സഭാ നേതൃത്വവുമായി കലഹിക്കുകയും രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ കൂടി സഹായത്താൻ അതിന്റെ ഉടമസ്ഥാവകാശം നേടിയെടുക്കുകയും ചെയ്തു. തത്ഫലമായി ഞാറക്കൽ ലിറ്റിൽ പ്ലവറിന്റെ പേരും പെരുമയും മാത്രമല്ല സീറൊ മലബാർ സഭയുടെ പേരും പെരുമയും വരെ അപകീർത്തികരമായി മാറി.

നിങ്ങളും ഞങ്ങളെപ്പോല എന്ന വാദഗതിയുയർത്തി വെടക്കാക്കി തനിക്കാക്കാനുള്ള രാഷ്ട്രീയ ഭരണ നേതൃത്വ ങ്ങളുടെ ശ്രമങ്ങളുടെ മുന്നണി പോരാളികളായി മാറുന്ന ചുരുക്കം ചില വൈദീകരും അവരുടെ കുഞ്ഞാടുകളും സീറോ മലബാർ സഭയിൽ ഉണ്ടാക്കാൻ ശ്രമിക്കുന്ന പുഴു ക്കുത്തുകൾ ചായക്കോപ്പയിലെ കൊടുങ്കാറ്റാണ് എന്നു തിരി ച്ചറിഞ്ഞ് പിൻമാറുക തന്നെ വേണം. സീറൊ മലബാർ സഭ യുടെ ധാർമ്മികതയിലും സേവന സത് സ്വഭാവത്തിലും ഏറെ പ്രതീക്ഷകൾ സമൂഹത്തിനുള്ളപ്പോൾ അനുസരണം ബലിയേക്കാൾ ഉത്തമമാണെന്ന കാര്യം വിമത നിലപാടുകൾ സ്വീകരിച്ചിരിക്കുന്ന വൈദീകരും അവരുടെ ആജ്ഞാനു വർത്തികളും മറന്നുപോകരുത്.

## കേരളത്തിന്റെ ഭാവിയും ലോകായുക്തയും:

ഒരു ജനാധിപത്യ രാഷ്ട്രത്തിന് ആധുനിയ യുഗ ത്തിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ ആവശ്യമായി വരുന്നു. അതിലൊന്നാണ് നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്ന ലോകായുക്ത. അഴിമതിയുടെ ആഴക്കയത്തിൽ മുങ്ങി ത്താഴുന്ന ജനാധിപത്യ സംവിധാനത്തിൽ ആവശ്യമായതും കാലഘട്ടത്തിനൊത്തതുമായ പരിഷ്ക്കാരങ്ങളിലൊന്നാണ് ലോകായുക്ത എന്ന സംവിധാനം. രാഷ്ട്രീയ ഭരണ നേതൃ ത്വങ്ങളുടെ ഇടപെടലുകൾ പലപ്പോഴും നമ്മുടെ ജനാധിപത്യ സംവിധാനത്തെ തകിടം മറിക്കുന്നു. അതുകൊണ്ടു തന്നെ ജനാധിപത്യ സംവിധാനങ്ങൾ അഴിമതി നിറഞ്ഞ സംവിധാ നത്തിലേക്ക് കൂപ്പു കുത്തുമ്പോൾ അതിനെ ലോകായുക്ത എന്ന സംവിധാനത്തിലൂടെ പരിഷ്ക്കരിക്കേണ്ടതുണ്ട്.

നമ്മുടെ രാജ്യത്ത് സ്വതന്ത്രാനന്തര ആദ്യ കാലഘട്ട ത്തിൽ തികഞ്ഞ ആത്മാർത്ഥതയും സത്യസന്ധതയും ധാർമികതയും കാര്യക്ഷമതയും പുലർത്തിയിരുന്ന ഒരുകൂട്ടം നേതൃനിര ഉണ്ടായിരുന്നു. ആ സ്ഥാനത്ത് രാഷ്ട്രീയ ഭരണ നേതൃത്വങ്ങളിൽ നിന്നും സ്വജനപക്ഷപാതവും അവിഹിത മായ ഇടപെടലുകളുമൊക്കെ എല്ലാ മേഖലയിലും സാധാര ണമായിരിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ ലോകാ യുക്ത പോലുള്ള സംവിധാനത്തിലൂടെ സ്വജനപക്ഷപാത ത്തേയും അവിഹിത ഇടപെടലുകളേയും ഒരു പരിധിവരെ തടഞ്ഞു നിറുത്തുവാൻ സഹായിക്കുന്നു. അതുകൊണ്ടു

തന്നെ ലോകയുക്തയെ നിർവീര്യമാക്കുന്ന ഏതൊരു ഭേദഗതിയേയും സംസ്ഥാനത്തെ ജനവിഭാഗം എതിർക്കേണ്ടതുണ്ട്.

നമ്മുടെ സംസ്ഥാനത്ത് സർക്കാർ പൊതുമേഖലകളിൽ മിക്കതിലും തൊഴിലാർത്തികളെ തിരഞ്ഞെടുക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ്. അതുകൊണ്ടുതന്നെ വ്യക്തമായ ചില മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടി വരുന്നു. പലപ്പോഴും നീതിന്യായ കോടതികളുടെ സഹായത്തോടെയാണെങ്കിലും പ്രാഥമികമെന്നു പറയാവുന്ന പോസ്റ്റുകളിൽ ഇന്റർവ്യൂ പോലുള്ളവ ഒഴിവാക്കേണ്ടി വരുന്നു. ഇന്റർവ്യൂ എന്ന കടമ്പ പലപ്പോഴും സ്വജനപക്ഷപാതത്തിന് വഴിവക്കുന്നു എന്നതാണ് കാരണമായിട്ടുള്ളത്. കണ്ണൂർ സർവ്വകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ നിയമനത്തിൽ യു.ജി.സി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് തിരഞ്ഞെടുപ്പ് നടന്നത് എന്ന കണ്ടെത്തൽ അവിടെ സ്വജനപക്ഷ നിയമനം നടത്താനുള്ള ശ്രമമുണ്ടായി എന്നു വ്യക്തമാകുന്നു.

ലോകായുക്ത പോലുള്ള പുരോഗമനപരമായ ആശയങ്ങളിൽ വെള്ളം ചേർക്കാൻ ശ്രമിക്കുന്നത് സംസ്ഥാനത്തെ ജനവിഭാഗങ്ങളുടെ ധാർമ്മിക ബോധത്തെ തകർക്കാനും കാലഘട്ടത്തിനൊത്തുള്ള സംസ്ഥാനത്തിന്റെ കുതിപ്പിനെ തളർത്താനും മാത്രമെ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനം നൂറ്റാണ്ടിനൊത്ത് പശ്ചാത്തല മേഖലയിലും സാമൂഹ്യ സുരക്ഷ മേഖലയിലും കാർഷിക മേഖലയിലും തുടങ്ങി എല്ലാ മേഖലയിലും വികസിക്കേണ്ടതുണ്ട്. അതിന് ഏറ്റവും ആവശ്യമായി വരുന്നതാണ് നമ്മുടെ സംസ്ഥാനത്തെ ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തുക എന്നത്. ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തുവാൻ ഉതകുന്ന ലോകായുക്തയെ നിർവീര്യമാക്കുന്ന ഭേദഗതിയോ

ടുള്ള വിയോജിപ്പ് സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്. അതുകൊണ്ടുതന്നെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ ലോകയുക്ത പോലുള്ള സംവി ധാനത്തെ നിർവീര്യമാക്കാൻ ശ്രമിക്കുമ്പോൾ സംസ്ഥാ നത്തെ അധിപനായ ഗവർണർ ഇതു സംബന്ധിച്ച് എടു ക്കുന്ന തീരുമാനങ്ങൾ കേരളത്തിന്റെ ഭാവിയാണ് നിർണയി ക്കപ്പെടുന്നത്.

## വിഴിഞ്ഞം തുറമുഖം പുതിയ കാഴ്ചപ്പാട്

ഭാരതത്തിന്റെ പടിഞ്ഞാറ് അറബിക്കടലും കിഴക്ക് ഭാഗത്ത് ബംഗാൾ ഉൾക്കടലും സ്ഥിതി ചെയ്യുന്നു. ബംഗാൾ ഉൾക്കടലുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ അറ ബിക്കടൽ താരതമ്യേന ശാന്തമാണ്. ബംഗാൾ ഉൾക്കടലിൽ പലപ്പോഴായി ഉണ്ടാവുന്ന ശക്തിയാർജ്ജിച്ച കാറ്റുകൊണ്ടു തന്നെ അതിനോടു ചേർന്നു കിടക്കുന്ന ഭൂവിഭാഗത്തുള്ള വർക്ക് കൂടുതൽ ജാഗ്രത വേണ്ടി വരുന്നു. അങ്ങനെ നോക്കുമ്പോൾ കടലിനെ അറിഞ്ഞ് അതിനെ ജീവേനോ പാധിയായി എടുക്കുന്നവർ കേരളത്തിന്റെ ജനസംഖ്യയിൽ കൂടുതൽ ശതമാനമുണ്ടെന്നു കാണാം. കേരളത്തിന്റെ പടി ഞ്ഞാറ് വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ നീണ്ടു കിടക്കുന്ന കടൽത്തീരമാണ് എന്നത് സവിശേഷത തന്നെയാണ്.

വികസന സങ്കൽപ്പങ്ങളിൽ കേരളത്തിന്റെ കുതിച്ചു ചാട്ടം വളരെ പിന്നോക്കം തന്നെയാണ്. ട്രാക്റ്റർ ഉപയോഗി ക്കാൻ സമ്മതിക്കാതിരുന്നതോടു കൂടി കാർഷിക മേഖല ലാഭകരമല്ലാതായി മാറി. വടക്കൻ സംസ്ഥാനങ്ങളിൽ കാർഷിക വിപ്ലവം നടക്കുമ്പോൾ കേരളമാകട്ടെ വളരെ നാളുകൾ നീണ്ട വറുതിയിലുമായിരുന്നു. വടക്കൻ സംസ്ഥാനങ്ങളിലെ കാർഷിക വിപ്ലവവും തുടർന്ന് മണ്ടി സിസ്റ്റം വഴിയുള്ള അരി സംഭരണവുമൊക്കെ അൽപ്പാൽപ്പ മായി കേരളത്തെ വറുതിയിൽ നിന്നും കരകയറ്റി. ഇപ്പോഴും

കാർഷിക മേഖല സ്തംഭിച്ചു നിൽക്കുന്ന കേരളത്തിന് മറ്റി തര സംസ്ഥാനങ്ങളെ ആശ്രയിക്കുക മാത്രമെ കരണീയമാ യിട്ടുള്ളൂ.

നമ്മുടെ സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം എന്നത് എത്തി നോക്കാൻ കഴിയാ ത്തവിധം സമര കോലാഹലങ്ങളുടെ പരമ്പര തന്നെയായിരു ന്നു. അതുകൊണ്ട് തന്നെ നികുതി വഴി ലഭിക്കുന്ന ഏതാണ്ട് മുഴുവൻ സാമ്പത്തിക വിഭവസമാഹരണവും സർക്കാർ ഓഫീസുകളുടെ നടത്തിപ്പിനായി മാറ്റി വക്കേണ്ടി വന്നു. ഫലമൊ പുതിയ പുതിയ ആശയങ്ങൾ തമ്മിൽ തമ്മിൽ കൈമാറാമെന്നല്ലാതെ വികസന മുരടിപ്പും സാമൂഹ്യ സുരക്ഷ പോലുള്ള ആധുനീക സമൂഹത്തിലെ അത്യന്താപേ ക്ഷിതമായ പദ്ധതികളുമൊക്കെ അവതാളത്തിലായി.

വികസനമെന്നാൽ തൊഴിലാളി യൂണിയനുകളുടെ സമരമാണ് എന്ന ചിന്തപോലും നമ്മുടെ സംസ്ഥാനത്ത് വേരോടി. നൂറുകണക്കിന് വ്യവസായശാലകൾ ആധു നീകവത്ക്കരിക്കാൻ കഴിയാതായതോട അവയെല്ലാം പൂട്ടി ക്കെട്ടേണ്ട അവസ്ഥയിലുമായി. ഫാക്ടറികളിലും സർക്കാർ ഓഫീസുകളിലും വിദ്യുച്ഛക്തി, ട്രാൻസ്പോർട്ട് പോലുള്ള ആവശ്യ സ്ഥാപനങ്ങളിലും നോക്കുകൂലി സംസ്ക്കാരം വേരോടി.

കേരളത്തിന് ഏറെക്കാലം കയറ്റുമതി, ഇറക്കുമതി എന്നിവക്കായി ആശ്രയിക്കേണ്ടി വന്ന സ്ഥപനമാണ് കൊച്ചിൻ പോർട്ട് ട്രസ്റ്റ്. ബ്രിട്ടീഷുകാരുടെ അധീനതയിൽ കെട്ടിപ്പൊക്കിയ കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ കാലഘട്ടത്തി നൊത്തവിധം നവീകരിക്കാൻ സ്വാതന്ത്ര്യം കിട്ടിയിട്ടും ആറ് പതിറ്റാണ്ട് കഴിയേണ്ടി വന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ

മേൽക്കോയ്മയിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ എന്ന പേരിൽ പുതിയ സംവിധാനത്തിനു തുടക്കമിടാൻ 2011 വരെ കാത്തിരിക്കേണ്ടി വന്നു. ഫലമൊ കേരളത്തിലെ കയറ്റുമതി ചെയ്യുന്ന മത്സ്യ ഉൽപ്പന്നങ്ങൾക്കും കാർഷിക ഉൽപ്പന്നങ്ങൾക്കും മറ്റിതര ടെർമിനലുകളെ ആശ്രയിക്കേണ്ടി വന്നു. കൂടിയ കയറ്റുമതി ചിലവ് നേരിടാൻ കയറ്റുമതി ചെയ്യുന്ന കാർഷിക ഉൽപ്പന്നങ്ങൾക്കും മത്സ്യ ഉൽപ്പന്നങ്ങൾക്കും സാധിക്കാതെ വന്നു. ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ താരതമ്യേന ചെറിയ ഷിപ്പുകൾക്ക് മാത്രമെ വല്ലാർപാടം ടെർമിനലിൽ അടുക്കുവാൻ കഴിയുകയുള്ളൂ എന്നതുകൊണ്ടു തന്നെ നമ്മുടെ സംസ്ഥാനം ഷിപ്പമെന്റിൽ വളരെ പിന്നോക്കം തന്നെയാണെന്ന് ഇപ്പോഴും തെളിയിക്കുന്നു.

ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ മദർഷിപ്പുകൾക്ക് വളരെ എളുപ്പത്തിൽ അടുക്കാൻ പറ്റുന്നത്ര അടുത്താണ് കപ്പൽപ്പാത എന്നതാണ് വിഴിഞ്ഞം തുറമുഖത്തെ കേരളത്തിന്റെ വികസന സങ്കൽപ്പങ്ങൾക്ക് ചിറകുകൾ നൽകുന്നത്. പ്രകൃതിദത്തമായി ഇത്രയും ആഴവും പരപ്പും ഉള്ള മറ്റൊരിടം അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശത്ത് ലഭ്യമാണൊ എന്നതും സംശയമാണ്. മത്സ്യ സമ്പത്തിനാൽ സംപുഷ്ടമായ വിഴിഞ്ഞം പ്രദേശത്ത് അതിനെ ആശ്രയിച്ചു കഴിയുന്ന ആയിരക്കണക്കിനു കുടുംബങ്ങളെ എന്തുവിലകൊടുത്തും സംരക്ഷിക്കപ്പെടേണ്ടതിനോടൊപ്പം വിഴിഞ്ഞം പദ്ധതി കേരളത്തിന്റെ അവസാന വികസന ആശ്രയം തന്നെയാണ്. കാർഷിക മേഖലയിലെ അവികസിത നയം മൂലം വറുതി കിടന്ന കേരള സമൂഹവും വൈദ്യുതി മേഖലയിൽ നോക്കുകൂലി സംസ്ക്കാരം വളർത്തിയതോടു കൂടി വളരെ നാളുകൾ ഇരുട്ടത്ത് കിടന്ന

കേരള ജനതയും വ്യവസായശാലകൾ പൂട്ടിക്കെട്ടേണ്ട സംസ്ക്കാരം വളർന്ന് പന്തലിച്ചതിനാൽ സാമ്പത്തിക സ്വയംപര്യാപ്തത നേടാൻ കഴിയാത്ത കേരള സ്ത്രീ സമൂഹവും കേരളം വിട്ട് അന്യരാജ്യത്തേക്ക് നെട്ടോട്ടം ഓടുന്ന യുവുത്വം സമ്മാനിക്കുന്ന നരച്ചതും ചുളിഞ്ഞതുമായ കേരള സമൂഹവുമെല്ലാം പുതിയ സമൂഹത്തിന് പുതിയ കാഴ്ചപ്പാട് സമ്മാനിക്കേണ്ടിയിരിക്കുന്നു.

## സേക്രഡ് ഹാർട്ട് കത്തീഡ്രൽ സന്ദർശനവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും

ഈസ്റ്റർ ദിനം ക്രിസ്ത്യാനികളുടെ പരമ പ്രധാനമായ ദിവസങ്ങളിലൊന്നാണ്. ഈസ്റ്റർ ദിനത്തിൽ ഭാരതത്തിലെ പ്രധാനമന്ത്രി ഭാരത തലസ്ഥാനത്ത ഒരു ക്രിസ്റ്റ്യൻ കത്തീ ഡ്രൽ സന്ദർശിക്കുകയുണ്ടായി. ജനനിബിഡമായ ഒരു രാജ്യത്തിലെ പ്രധാനമന്ത്രി ഒരു കത്തോലിക്ക പള്ളി സന്ദർശിക്കുന്നത് തീർച്ചയായും ലോകം ഉറ്റു നോക്കുന്ന കാര്യം തന്നെയാണ്. ലോകത്തിലെ വാർത്തയിടങ്ങളിലെ ഒരു സുപ്രധാന പങ്കു വഹിക്കുന്ന ബി.ബി.സി. പോലുള്ള മാധ്യമങ്ങൾ ഇന്ത്യ പോലുള്ള രാജ്യത്ത് ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രതിസന്ധിയെ പറ്റിയും ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുകയുണ്ടായി. അതായത് ലോകം സമാധാന ത്തിനായി കേഴുന്ന സന്ദർഭത്തിൽ ഭാരത പ്രധാനമന്ത്രിയുടെ കത്തോലിക്ക ദേവാലയത്തിലെ സന്ദർശനം ലോക ചരിത്ര ത്തിലെ നാഴികക്കല്ലായി മാറുകയാണ്.

ലോക സമാധാനത്തിന്റെ നോബൽ സമ്മാനം നൽകി യില്ലെങ്കിലും കത്തോലിക്കാ സഭയുടെ പരമോന്ന അദ്ധ്യക്ഷ നായ മാർപ്പാപ്പയെ സമാധാനത്തിന്റെ ദൂതനായി ലോകം കാണുന്നു. അതുകൊണ്ടു തന്നെ ക്രിസ്ത്യൻ സമൂഹമായി ഭാരതം കൈ കോർക്കുന്നത് ലോകത്തിന്റെ സമാധാന ദൗത്യ ത്തിൽ ഇന്ത്യ പങ്കു ചേരുന്നതിന് അത്യന്തം ആവശ്യമായ ഒരു ചുവടു വയ്പ്പായി കാണേണ്ടിയിരിക്കുന്നു. ഇവിടെ

യാണ് ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഒരു ഭാരത പ്രധാന മന്ത്രിയുടെ ഈസ്റ്റർ ദിനത്തിലെ ക്രൈസ്തവ ദേവാലയ സന്ദർശനത്തിനു പ്രാധാന്യമർഹിക്കുന്നത്.

ഈയടുത്ത നാളുകളിൽ ഭാരതത്തിലെ പലവിധ ക്രിസ്റ്റ്യൻ ദേവാലയങ്ങളിലും അക്രമ പ്രവർത്തനങ്ങൾ അരങ്ങേറുകയുണ്ടായി. ഒരു ദിവസത്തെ സന്ദർശനം കൊണ്ട് ആളുകളുടെ ബോധ്യങ്ങളിൽ പെട്ടന്ന് മാറ്റമുണ്ടാകണമെന്നില്ല. അതുകൊണ്ടു തന്നെ ഇത്തരുണത്തിലെ ക്രിസ്റ്റ്യൻ ദേവാലയ സന്ദർശനത്തിനെപ്പറ്റി ഓർത്തഡോക്സ് അദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃദീയൻ കത്തോലിക്കാ ബാവ പറഞ്ഞ ഈ വാചകം ശ്രദ്ധേയമാണ്. ഈ സന്ദർശനം ഒരവസരമായി കണ്ട് സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും തുടക്കമാക്കി മാറ്റാൻ ക്രിസ്റ്റ്യൻ സഭാമേലദ്ധ്യക്ഷന്മാർക്ക് കഴിയേണ്ടിയിരിക്കുന്നു.

ലോകത്തിലെ എല്ലാ വികസിത രാജ്യങ്ങളും ഒരു പരിധിവരെയെങ്കിലും ജാതിമത ചിന്തകൾ ഉണ്ടാക്കുന്ന പരുക്കുകൾ അതിജീവിക്കാൻ കഴിയുന്ന രാജ്യങ്ങളാണ്. ഭാരതത്തിലെ മറ്റിതര സമൂഹങ്ങളോടും ക്രിസ്ത്യൻ സമൂഹത്തോട് ഐക്യപ്പെടാനുള്ള സന്ദേശം കൂടിയായി ഭാരത പ്രധാനമന്ത്രിയുടെ സന്ദർശനം മാറുന്നു എന്നതുകൂടി എടുത്ത് പറയേണ്ടതാണ്. ഇത്തരം നിലപാടുകൾ ഭാരതത്തിലെ ന്യൂനപക്ഷങ്ങൾ പ്രതീക്ഷയോടെ തന്നെയാണ് കാണാൻ ശ്രമിക്കേണ്ടത്. സംശയ ദൃഷ്ടിയോടെ മാത്രം ഏതുതരം നീക്കങ്ങളേയും കാണുന്ന ന്യൂനപക്ഷങ്ങൾക്ക് ഒരു ദിവസത്തെ സന്ദർശനം കൊണ്ട് ആളുകളുടെ ബോധ്യങ്ങളിൽ പെട്ടെന്ന് മാറ്റമുണ്ടാവും എന്ന് പ്രതീക്ഷിക്കുകവയ്യ. ഭാരത പ്രധാനമന്ത്രി തുടങ്ങി വച്ച ഈസ്റ്റർദിനത്തിലെ സന്ദർശനം ഭാരതത്തിലെ സമാധാന പ്രിയരിൽ മാത്രമല്ല

ലോകത്തിലെ സമാധാന പ്രിയരിലും പ്രതീക്ഷയുടെ തിരിനാളം തെളിക്കുകയാണ്. ക്രിസ്റ്റ്യൻ ദേവാലയങ്ങൾ മാത്രമല്ല മറ്റിതര ന്യൂനപക്ഷങ്ങളും ഭാരത പ്രധാനമന്ത്രിയിൽ നിന്നും ഇത്തരം തുടർന്നുള്ള നിലപാടുകൾ പ്രതീക്ഷിക്കുന്നുണ്ട്. ഏവരും ഭാരത പൗരന്മാരാണെന്നും ഏവർക്കും സമാധാനത്തോടെ ഭാരത പൗരന്മാരായി ഇവിടെ പുലരാൻ കഴിയുമെന്ന സന്ദേശം നൽകാനും ഭാരത പ്രധാനമന്ത്രിയുടെ തലസ്ഥാനത്തെ കത്തീഡ്രൽ സന്ദർശനത്തിനു കഴിയുന്നു.

## <u>ആകാംക്ഷ പെരുകുന്ന മാതാപിതാക്കൾ</u>

ജീവിത വീക്ഷണം വ്യത്യസ്ഥമാകുന്നതു പോലെ ആഹ്ലാദകരമായതും ആരോഗ്യകരവുമായ ജീവിതം എങ്ങനെ നേടിയെടുക്കാം എന്നതിതോടുള്ള സമീപനവും ഒരാളുടേതിൽ നിന്ന് മറ്റൊരാളുടേത് വ്യത്യസ്ഥമാണ്. കുഞ്ഞുനാൾ തൊട്ടെയുള്ള ശ്രദ്ധയും ചില കാര്യങ്ങളിൽ നിർബന്ധ ബുദ്ധിയോടെ എടുക്കുന്ന തീരുമാനങ്ങളുമൊക്കെയാണ് മെച്ചപ്പെട്ട ആഹ്ലാദകരവും ആരോഗ്യകരവുമായ ജീവിതാവസ്ഥ നേടിയെടുക്കുന്നതിന് ആവശ്യമായിട്ടുള്ളത്. അതുകൊണ്ടു തന്നെ പുതിയ സമൂഹത്തിൽ ആകാംക്ഷ പെരുകുന്ന മാതാപിതാക്കളുടെ എണ്ണവും അനുദിനം വർദ്ധിക്കുകയാണ്.

ഒരാൾ മെച്ചപ്പെട്ട ജീവിത വിജയത്തിന് സാധ്യമാകും വിധമുള്ള സിസ്റ്റമാറ്റിക്കായുള്ള സാമൂഹ്യ സാഹചര്യത്തിലാണ് വളർന്നത് എന്നത് പരിഗണിക്കുവാൻ പലവിധ ചോദനകൾക്കും വിധേയമാകുന്ന പ്രായത്തിൽ തിരിച്ചറിയണമെന്നില്ല. അതുകൊണ്ടു തന്നെ പുതിയ സമൂഹത്തിൽ ആകാംക്ഷ പെരുകുന്ന മാതാപിതാക്കളുടെ എണ്ണവും അനുദിനം വർദ്ധിക്കുകയാണ്.

തരളവും താളലയം പോലെയും അനുഗ്രഹീതമായ മനസ്സ് ജീവിതത്തിൽ പലവിധ സംഘർഷങ്ങളിലൂടെ കടന്നു പോകുന്നു. നമ്മുടെ സമൂഹത്തിൽ ജാതിയും മതവും പാര

ന്വര്യവും ശാസ്ത്രബോധവും സ്വഭാവഗുണവും കാര്യങ്ങൾ വിവേചിച്ചറിയാനുള്ള കഴിവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ തമ്മിൽ തമ്മിൽ ബന്ധപ്പെട്ടു കിടക്കുകയാണ്. അതുകൊണ്ടു തന്നെ പുതിയ സമൂഹത്തിൽ ആകാംക്ഷ പെരുകുന്ന മാതാപിതാക്കളുടെ എണ്ണവും അനുദിനം വർദ്ധിക്കുകയാണ്.

വിദ്യാർത്ഥികൾക്കിടയിലെ സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പടെയുള്ള ഇന്റർനെറ്റ് സംവിധാനങ്ങളുടെ സ്വാധീനവും സമൂഹത്തിൽ പടർന്നിരിക്കുന്ന കുട്ടികളോടുള്ള അപചയങ്ങളും ടെലിവിഷനും സിനിമയും മദ്യമുൾപ്പടെയുള്ള ലഹരികൾ സമൂഹത്തിൽ വഹിക്കുന്ന പങ്കുമൊക്കെ നമ്മുടെ കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വളർച്ചയെ പരിധിക്കപ്പുറം പോറലേൽപ്പിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ പുതിയ സമൂഹത്തിൽ ആകാംക്ഷ പെരുകുന്ന മാതാപിതാക്കളുടെ എണ്ണവും അനുദിനം വർദ്ധിക്കുകയാണ്.

സംവരണം എന്നത് സർക്കാർ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ സ്വാശ്രയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കിയതോടുകൂടി ആരാണ് മെച്ചപ്പെട്ട സ്കോർ നേടി ഉന്നത വിദ്യാഭ്യാസം നേടിയ വ്യക്തി എന്നു തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയായി. അതോടൊപ്പം സംവരണം വഴി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് സ്വാശ്രയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നവർ മികച്ച വ്യക്തിത്വം സംഭാവന ചെയ്യാൻ കഴിവുള്ളവരാണോ എന്ന ആകാംക്ഷ മാതാപിതാക്കൾക്കിടയിൽ രൂഢമൂലമായി. അതുകൊണ്ടു തന്നെ പുതിയ സമൂഹത്തിൽ ആകാംക്ഷ പെരുകുന്ന മാതാപിതാക്കളുടെ എണ്ണവും അനുദിനം വർദ്ധിക്കുകയാണ്.

പലപ്പോഴും ജാതിയും സമുദായവുമൊക്കെ വ്യക്തിത്വങ്ങളുടെ അളവുകോലായി കണക്കാക്കുന്ന നമ്മുടെ സമൂഹത്തിൽ സ്വന്തം കുട്ടികളുടെ കാര്യത്തിൽ പല മാതാപിതാക്കളും വ്യക്തമായ മാനദണ്ഡങ്ങൾ അവരുടെമേൽ അടിച്ചേൽപ്പിച്ചിട്ടുണ്ട്. തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാത്രമല്ല തുടർന്നു വരുന്ന വിവാഹ ജീവിതത്തിലും ഉന്നതവും ശ്രേഷ്ഠവുമായ വ്യക്തിത്വങ്ങളായി സമൂഹത്തിൽ വിലസണമെന്ന് ആഗ്രഹിക്കുക സ്വാഭാവികമാണ്.

## ശ്രീ.ബെനഗാൾ റാവു

രാജ്യത്തിലെ ഭരണാധികാരികളുടെ പ്രധാന കടമ എന്നു പറയാവുന്നത് അവിടങ്ങളിൽ നിലനിൽക്കുന്ന ക്രമസമാധാന വ്യവസ്ഥയും നീതിന്യായ വ്യവസ്ഥയും അടങ്ങുന്ന എല്ലാ നിയമ വ്യവസ്ഥയും രാജ്യ താൽപ്പര്യങ്ങൾക്കിണങ്ങും വിധം രൂപപ്പെടുത്തുക എന്നതാണ്. ഇത്തരം വ്യവസ്ഥകളെ ചിട്ടപ്പെടുത്തുന്നതാകട്ടെ ആ രാജ്യത്തിന്റെ ഭരണഘടനയും. സ്വാതന്ത്ര്യത്തിനു ശേഷം നിലവിൽ വന്ന നമ്മുടെ രാജ്യത്തിലെ ഭരണഘടനയും കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാകേണ്ടവ തന്നെയാണ്.

ഭാരതത്തിലെ ഭക്ഷ്യ ദാരിദ്ര്യം അകറ്റുന്നതിന് കാരണമായത് ഭാരതത്തിൽ രൂപപ്പെട്ട കാർഷിക വിപ്ലവമാണ്. അതുകൊണ്ടുതന്നെ രാജ്യം അഭിമുഖീകരിക്കുന്ന ഭക്ഷ്യ ദാരിദ്ര്യത്തെ നിർമാർജ്ജനം ചെയ്യാൻ സഹായകമായ കാർഷിക വിപ്ലവത്തിന് നേതൃത്വം കൊടുത്തവരെ രാജ്യം എക്കാലവും സ്മരിക്കേണ്ടതുണ്ട്. ഇത്തരം വിപ്ലവകരമായ മാറ്റങ്ങൾ നമ്മുടെ സമൂഹത്തിൽ പലപ്പോഴായി ഉണ്ടായിട്ടുണ്ടെങ്കിലും അവരെയെല്ലാം കാര്യക്ഷമമായ രീതിയിൽ ആദരിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം സംശയകരമാണ്.

നമ്മുടെ ഭരണഘടനയെ ആദ്യാവസാനം രൂപപ്പെടുത്തുന്നതിൽ ബനഗാൾ റാവുവിനുള്ള പങ്ക് അവിസ്മരണീയമാണ്. നമ്മുടെ ഭരണഘടനയുടെ ആദ്യാവസാനം രൂപപ്പെ

ടുത്തുന്നതിലുള്ള നിർണ്ണായകമായ സ്വാധീനം കൊണ്ടു തന്നെ ശ്രീ.ബനഗാൾ റാവുവിനെ രാജ്യം എക്കാലവും സ്മരിക്കേണ്ടതാണ്. വേണ്ടത്ര പരിഗണനന നൽകിയിരുന്നു വെങ്കിൽ രാജ്യം കാലാകാലങ്ങളിൽ അഭിമുഖീകരിക്കേണ്ടി വന്ന പല നിയമ പ്രശ്നങ്ങൾക്കും പരിഹാരമായിരുന്നേനെ.

ഭാരതത്തിൽ മാത്രമല്ല, ലോകത്തിൽ തന്നെ സമാധാനവും ശാന്തിയുമുള്ള ഭൂ വിഭാഗമായി രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ കൊണ്ടുവന്ന ശ്രീ.ബനഗാൾ റാവുവിനെ എക്കാലത്തേയും ആദരിക്കപ്പെടേണ്ട വ്യക്തിയായി കണക്കാക്കേണ്ടതുണ്ട്.

വൈകിയ വേളയിലെങ്കിലും ശ്രീ.ബനഗൾ റാവുവിന്റെ പ്രസക്തി തിരിച്ചറിഞ്ഞ് ആ വ്യക്തിത്വത്തെ ആദരിക്കാനും അതിനായി ഒരു ദേശീയ ദിനം തന്നെ കൊണ്ടാടാനും ഭാരതം അമാന്തിച്ചുകൂടാ.

## കേരള സ്റ്റോറി എന്ന സിനിമയും തുറന്ന കത്തും

പ്രിയപ്പെട്ട ഫാദർ,

അങ്ങ് പള്ളിയിലെ ഇന്നത്തെ ഞായറാഴ്ച പ്രസംഗത്തിനിടയിൽ രാഷ്ട്രീയം പറയുകയുണ്ടായി. ഒരു പുരോഹിതൻ എന്ന നിലയിലെ പരിമിതമായ അറിവ് വച്ചിട്ടാണ് അങ്ങ് രാഷ്ട്രീയം പ്രസംഗിച്ചത് എന്നു ഞാൻ കരുതുന്നു. രണ്ടു കാര്യങ്ങളാണ് ഈ രാഷ്ട്രീയ പ്രസംഗത്തിൽ അങ്ങ് പറയാൻ ശ്രമിച്ചത്. ഒന്ന് മണിപ്പൂരിൽ നടക്കുന്ന കലാപവും അതിലെ രാഷ്ട്രീയവും. മറ്റൊന്ന് കേരള സ്റ്റോറി എന്ന സിനിമ ഉയർത്തുന്ന രാഷ്ട്രീയ അജണ്ട.

ഏതാണ്ട് നാൽപ്പത് ശതമാനം വരുന്നതും ഇപ്പോൾ സംവരണം ലഭിച്ചു കൊണ്ടിരിക്കുന്നവരുമായ ഒരു വിഭാഗവും അമ്പത് ശതമാനം വരുന്നതും സംവരണം ലഭിക്കണം എന്ന ആഗ്രഹിക്കുന്ന ഭൂരിഭാഗം വരുന്ന മറ്റൊരു വിഭാഗവും തമ്മിലുള്ള ഏറ്റുമുട്ടലാണ് ഇപ്പോൾ മണിപ്പൂരിൽ നടക്കുന്നത്. അതിനിടയിൽ ക്രിസ്ത്യൻ സ്ഥാപനങ്ങളും ക്രിസ്ത്യൻ ദേവാലയങ്ങളും അഗ്നിക്കിരയാവുകയൊ നാശനഷ്ടങ്ങൾക്ക് ഇടയാവുകയൊ ചെയ്തിട്ടുണ്ട്. മറ്റിതര വിഭാഗങ്ങൾക്ക് നേരിട്ട നാശനഷ്ടങ്ങളുടേയും ജീവഹാനികളുടേയും കണക്കെടുത്ത് നോക്കിയാൽ താരതമ്യം ചെയ്യാൻ പറ്റാത്തത്ര വലിയ നഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്നു കാണാം. അതുകൊണ്ടു തന്നെ മണിപ്പൂരിലെ പ്രാദേശികമായ ഉൾപ്പോരു നിമിത്തം, കേരളത്തിലെ ക്രിസ്ത്യൻ സമുദായത്തിനു ലഭിക്കുന്ന സുരക്ഷിതബോധം, മണിപ്പൂരിൽ ഈ

ആഭ്യന്തര കലാപനാളിലും ലഭിക്കണമെന്നു ആഗ്രഹിക്കുന്നത് ദുരാഗ്രഹം തന്നെയാണ്.

കേരളത്തിൽ തന്നെ പലവിധ പ്രദേശങ്ങളിൽ ആഭ്യന്തര സമുദായ കലാപങ്ങൾ ഉണ്ടാകുമ്പോൾ അവിടങ്ങളിലും ക്രിസ്ത്യൻ സ്ഥാപനങ്ങൾക്കും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. കേരളത്തിലായാലും മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% ശതമാനം സംവരണമേർപ്പെടുത്തിയതിന് വളരെയേറെ മുറുമുറുപ്പുളവാക്കുകയുണ്ടായി. ആ സംവരണം തീയായി കേരളത്തിൽ പടരാതിരുന്നത് ജനറൽ ക്വാട്ടയിലെ അമ്പത് ശതമാനത്തിൽ നിന്നുമാണ് ഈ പത്ത് ശതമാനം നൽകുന്നത് എന്ന് ഇപ്പോൾ സംവരണം ലഭിക്കുന്ന സമുദായങ്ങളെ ബോധവത്ക്കരിക്കാൻ നമ്മുടെ സമുദായങ്ങൾക്ക് കഴിഞ്ഞു എന്നതുകൊണ്ടു മാത്രമാണ്.

സെൽഫ് ഫിനാൻസിങ് കോളേജുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ച നാളുകളിൽ കേരളത്തിലെ ക്രിസ്ത്യൻ സ്ഥാപനങ്ങൾ അടിച്ചു തകർത്തതും സംഭവിച്ച നഷ്ടങ്ങളുമെല്ലാം സമുദായ സ്പർദ്ദ കേരളത്തിലും ഉണ്ട് എന്നതിന് തെളിവാണ്. ഒരു പക്ഷെ കേരളത്തിൽ സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങൾ വളരെ മുമ്പു തന്നെ ആരംഭിച്ചിരുന്നുവെങ്കിൽ ഇത്രമാത്രം അലഞ്ഞു തിരിഞ്ഞ് മറ്റിതര സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ സ്ഥാപനങ്ങൾ ആരംഭിക്കുമായിരുന്നു എന്നു തോന്നുന്നില്ല.

മണിപ്പൂരിലെ ഇപ്പോഴത്തെ സാഹചര്യത്തിൽ ക്രിസ്ത്യൻ സ്ഥാപനങ്ങളോടും സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിച്ചപ്പോൾ ഉണ്ടായ സാഹചര്യത്തിൽ ക്രിസ്ത്യൻ സ്ഥാപനങ്ങളോടും ഉണ്ടായ സമാനമായ സാഹചര്യങ്ങൾ കാണാത്ത വൈവിധ്യ രാഷ്ട്രീയം കാണാൻ ശ്രമിക്കുക വഴി അങ്ങ് മുന്നോട്ടു വക്കുന്ന രാഷ്ട്രീ അജണ്ട പിൻവലിക്കുക തന്നെ വേണം. അതും

കേരള സ്റ്റോറി എന്ന സിനിമയിലെ രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴക്കാവുന്നതല്ല.

കാലങ്ങളായി ക്രിസ്ത്യൻ സമൂഹം മുന്നോട്ടു വക്കുന്ന വാദഗതിയാണ് ലൗ ജിഹാദ് എന്നത്. അതു കൊണ്ടു തന്നെ പല കോണുകളിൽ നിന്നും കേരളത്തിലെ ക്രിസ്ത്യൻ സമൂഹ മതമേലദ്ധ്യക്ഷന്മാർക്ക് പരിഹാസ ശര ങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. മുസ്ലീം പുരുഷന്മാർ മാത്രമല്ല ലൗ ജിഹാദ് എന്ന പദം കൊണ്ട് കേരളത്തിലെ ക്രിസ്ത്യൻ നേതൃത്വം ഉന്നം വച്ചിരുന്നതെങ്കിലും ഇടുക്കിയിലെ അന്നത്തെ ബിഷപ്പ് ഈഴവ ചെറുപ്പക്കാർ ഉയർത്തുന്ന ലൗ ജിഹാദിനു നേരേയും ക്രിസ്ത്യൻ പെൺകുട്ടികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയുണ്ടായി. കൃത്യമായ രാഷ്ട്രീയ അജണ്ടയാണ് കേരള സ്റ്റോറി എന്ന സിനിമ മുന്നോട്ടു വയ്ക്കുന്നത് എന്നു പറയുമ്പോഴും ഏറെ പെൺകുട്ടികൾ കാണാതാവുന്നുണ്ട് എന്ന ആശങ്ക സിനിമ കണ്ടു കഴിഞ്ഞിറങ്ങുന്ന മലയാളികളായ അമ്മമാർ ചൂണ്ടി ക്കാണിക്കുന്നത് മറച്ചു വക്കാവുന്നതല്ല. അതുകൊണ്ടു തന്നെ മണിപ്പൂരിലെ കലാപത്തിൽ ക്രിസ്ത്യൻ സ്ഥാപന ങ്ങൾക്ക് നേരെയുള്ള ആക്രമത്തിലും കേരള സ്റ്റോറി എന്ന സിനിമയിലും രാഷ്ട്രീയ അജണ്ട കാണാൻ ശ്രമിക്കുന്നത് ക്രിസ്ത്യൻ മതമേലദ്ധ്യക്ഷന്മാർ ഭാരതം ഭരിക്കുന്ന സർക്കാ രുമായി സൗഹാർദ്ദം പുലർത്താൻ ശ്രമിക്കുന്നതിനു നേരെ ഉയർത്തുന്ന ഒളിയമ്പായി മാത്രമെ കാണാൻ കഴിയുകയു ള്ളൂ. ഇത്തരം പതിഞ്ഞിരുന്നുള്ള ഒളിയമ്പുകൾ ചായക്കോ പ്പയിലെ കൊടുങ്കാറ്റായി അവശേഷിക്കുക തന്നെ ചെയ്യും.

ഇതിനെയെല്ലാം അതിജീവിക്കാൻ അങ്ങു പറഞ്ഞ ഉദാഹരണം കേരളത്തിൽ രണ്ടായിരത്തി പതിനെട്ടിൽ ഉണ്ടായ വെള്ളപ്പൊക്കത്തെയാണ്. സമുദായ ഭേദമന്യേ എല്ലാ വിഭാഗം ആളുകളും പരസ്പരം സഹകരിച്ചും സഹാ യിച്ചും നമ്മുടെ സംസ്ഥാനം ആ പ്രതിസന്ധിയെ അതിജീ വിച്ചു എന്നതാണ്. തീരപ്രദേശത്ത് ജീവിക്കുന്ന നമ്മുടെ പ്രദേശത്ത് നിന്നുപോലും വഞ്ചിയുമായി ആളുകൾ വെള്ള

പ്പൊക്കത്തിൽ അകപ്പെട്ടു പോയവരെ രക്ഷപെടുത്തുവാൻ പോവുകയുണ്ടായി. കേരളത്തിലെ നാൽപ്പത്തിനാല് നദിക ളിൽ നാൽപ്പത്തി ഒന്ന് നദികളും പടിഞ്ഞാറോട്ടാണ് ഒഴുകു ന്നത്. ഒരു വരപോലെ കിടക്കുന്ന കേരളത്തിന്റെ പടി ഞ്ഞാറു പ്രദേശം കടലിനാൽ ചുറ്റപ്പെട്ടു കിടക്കുന്നു. എന്നിട്ടും ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും രണ്ടാം നില യിലെ മച്ച് വരെ വെള്ളം കയറി എന്നത് കേരളം നാണിച്ച് തല താഴ്ത്തേണ്ടതുണ്ട്. അത്രമാത്രം അശാസ്ത്രീയമായി രുന്നു അന്നത്തെ ഡാം മാനേജ്മെന്റ് കൈകാര്യം ചെയ്ത മന്ത്രിമാരും ഉദ്യോഗസ്ഥരും എന്നു പറയേണ്ടി വരുന്നു.

വെള്ളപ്പൊക്കം എന്ന് പറഞ്ഞ് അങ്ങ് ചുണ്ടിക്കാണി ക്കുന്ന പതിറ്റാണ്ടിൽ തന്നെ രണ്ടായിരത്തി പതിനെട്ടിൽ ഉണ്ടായതിനേക്കാൾ കൂടുതൽ മഴ കേരളത്തിൽ ലഭിച്ച വർഷ ങ്ങൾ ഉണ്ടായിരുന്നു. പിന്നെ എന്തുകൊണ്ടാണ് ആ വർഷം മാത്രം കേരളത്തിന് താങ്ങാനാവാത്ത വെള്ളപ്പൊക്കം ഉണ്ടാ യത് എന്നു ചോദിച്ചാൽ ഡാം മാനേജ്മെന്റ് കൈകാര്യം ചെയ്ത മന്ത്രിമാരും ഉദ്യോഗസ്ഥരും അശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ കഴിയും വിധം കാര്യക്ഷമത നേടിവ രായിരുന്നു എന്നനുമാനിക്കാം. രണ്ടായിരത്തി പതിനെട്ടിലെ വെള്ളപ്പൊക്ക സമയത്ത് ഡാം മാനേജ്മെന്റ് കൈകാര്യം ചെയ്തിരുന്നത് കാര്യക്ഷമതയിൽ അപ്രമാദിത്വം നേടിയവരാ യിരുന്നുവെങ്കിൽ ഇതു സംഭവിക്കുമായിരുന്നില്ല എന്ന് നിസംശയം പ്രതീക്ഷിക്കാവുന്നതാണ്.

നമ്മുടെ പള്ളിയിലെ പല കാര്യങ്ങളിലും നേതൃത്വം വഹിക്കുന്ന ഒരു ചേട്ടന്റെ സഹോദരി താമസിക്കുന്ന വീട് ഏറെക്കുറെ ചെങ്കുത്തായ ഭാഗത്തായിട്ടുകൂടി ഒന്നാം നില പൂർണ്ണമായും വെള്ളത്തിനടിയിലായി. താഴ് ഭാഗത്ത് താമ സിക്കുന്ന അവരുടെ തറവാടിന്റെ സ്ഥിതി ഊഹിക്കാവുന്ന തെയുള്ളൂ. കേരളത്തിലെ ഏതാണ്ട് മൂന്നിലൊന്ന് വീട്ടുകാർക്കുമുണ്ടായ ഇത്തരം നഷ്ടസാധ്യതകൾ നമ്മൾ കാണാതിരിക്കരുത്.

കൂട്ടത്തിൽ ഒരു കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ. മതം മാറ്റുന്നത് അത് ഏതു വിധേനയാണെങ്കിലും അതിനെ നഖശിഖാന്തം എതിർക്കുന്ന നിലപാടാണ് കത്തോലിക്കാ സഭയിലെ പരമോന്നത അദ്ധ്യക്ഷനായ പരിശുദ്ധ പിതാവായ ഇപ്പോഴത്തെ മാർപ്പാപ്പ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ മതം മാറ്റുക എന്ന ധാരണ ഭാരതത്തിലെ മറ്റിതര സമുദായത്തിൽ ഉണ്ടാക്കാതെ നോക്കാനും മാറിയ സാഹചര്യം ക്രിസ്ത്യൻ സമുദായത്തിന് ഉപയുക്തമാംവിധം രൂപപ്പെടുത്താനുമുള്ള ശ്രമങ്ങളാണ് വേണ്ടത്. കേന്ദ്രത്തിലും കേരളത്തിലും ഉള്ള ഭരണാധികാരികളോട് സ്നേഹവും സൗഹാർദ്ദവും സഹവർത്തിത്വവും കൂട്ടായ്മയും വളർത്താനുള്ള മതമേലദ്ധ്യക്ഷമാരുടെ ശ്രമങ്ങളെ പ്രത്യേകം അഭിനന്ദിക്കേണ്ടതുമുണ്ട്.

സസ്നേഹം, എസ്.കാച്ചപ്പിള്ളി

## നെടുങ്ങാടിന്റെ തലവരയും എന്റെ ജനകീയാസൂത്രണവും

നെടുങ്ങാട് എന്നത് കൊച്ചുഗ്രാമമാണ്. നായരമ്പലം എന്ന പഞ്ചായത്തിന്റെ ഏതാണ്ട് നാലിലൊരു ഭാഗം ആളുകൾ താമസിക്കുന്ന ഗ്രാമം. നീണ്ട് നീണ്ട് കിടക്കുന്നു. നെടുങ്ങാടിന്റെ കിഴക്ക് വിശാലമായ വീരൻ പുഴ. കടലിനെ വെല്ലുന്ന പരപ്പുണ്ടോ എന്ന് ആർക്കും തോന്നിക്കുന്ന അറ്റം കാണാത്ത വീരൻപുഴ. സമൃദ്ധമായ പുഴമീൻ നിറഞ്ഞ് തുള്ളിച്ചാടി നടക്കുന്ന വീരൻപുഴ.

നെടുങ്ങാടിന്റെയും നായരമ്പലത്തിന്റേയും ഇടയിലായും ഒരു പുഴയുണ്ട്. ഈ ചെറിയ പുഴ കടന്നാൽ ടൂറിസത്തിന് ഏറെ സാധ്യതയുള്ള നെടുങ്ങാടായി. മത്സ്യങ്ങളാൽ സമ്പുഷ്ടമായതിനാലാകണം ടൂറിസത്തോട് വളരെ അയഞ്ഞ സമീപനമാണ് നാളിതുവരെ തദ്ദേശവാസികൾ സ്വീകരിച്ചിരിക്കുന്നതെന്നു തോന്നുന്നു.

ഞാൻ താമസിക്കുന്ന വീട്ടിൽ നിന്നും വളരെക്കുറച്ചു മാത്രം നടന്നാൽ പുഴയായി. അവിടെ നിന്നും ഉറക്കെ വിളിച്ചാൽ വിളി കേൾക്കാവുന്ന അകലം മാത്രമെ ഉള്ളൂ. എന്റെ കുട്ടിക്കാലത്ത് നെടുങ്ങാടുണ്ടായിരുന്ന പറമ്പിലെ തെങ്ങുകയറ്റത്തിനും പാടത്തെ കൊയ്ത്തിനുമൊക്കെ നെടുങ്ങാട്ടേയ്ക്ക് പോവുക പതിവായിരുന്നു. അതുകൊണ്ടു തന്നെ നെടുങ്ങാട് എന്റെ മനസ്സിലും കുടിയേറിയിരുന്നു.

അന്നൊക്കെ സായിപ്പിന്റെ കാലത്ത് പണി കഴിപ്പിച്ച ഹെർബർട്ട് പാലം നെടുങ്ങാടിന്റെ തെക്കേ അറ്റത്തെ ബന്ധിപ്പിച്ചിരുന്നു. വീരൻപുഴയുടെ ഓരത്തായി നിലനിന്നിരുന്ന പറമ്പിലേക്കു പോവുക ഒന്നുകിൽ ഹെർബർട്ട് പാലം വഴി പോകണം അല്ലെങ്കിൽ വഞ്ചിക്ക് നെടുങ്ങാടിന്റെ തെക്കേ ഭാഗം ചുറ്റി വീരൻപുഴയിലേക്ക് കയറിയുള്ള യാത്രയാണ്. തെങ്ങു കയറി തേങ്ങയുമായി വഞ്ചി പുറപ്പെടുമ്പോൾ പലപ്പോഴും വഞ്ചിക്കാരൻ ഞങ്ങൾ കുട്ടികളെ കയറ്റാതെയാണ് പോവുക. അതുകൊണ്ട് തന്നെ ഹെർബർട്ട് പാലംവഴി നടന്ന് വീട്ടിലെത്തണം. അന്നൊക്കെ പക്ഷെ പലവിധ ഇടവഴികളിലൂടെ ഹെർബർട്ട് പാലത്തിലേക്ക് എത്തിപ്പെടാമായിരുന്നു.

എന്നാണ് ഹെർബർട്ട് പാലം തകർന്നത് എന്ന് ഓർമ്മയില്ല. പക്ഷെ നെടുങ്ങാടിന്റെയും വലിയവട്ടത്തിന്റെയും തെക്ക് കിടക്കുന്ന കിഴക്കേ മഞ്ഞനക്കാട് എന്ന സ്ഥലത്ത് എൺപതുകളിൽ ചെമ്മീൻകെട്ട് നടത്തുന്നതിൽ പങ്കാളിയാകുമ്പോൾ തകർന്ന ഹെർബർട്ട് പാലത്തിന്റെ അറ്റത്തായുള്ള ഭാഗത്ത് സ്ഥിതി ചെയ്തിരുന്ന പൈപ്പ് ഓർമ്മയുണ്ട്. രാത്രിയുടെ യാമങ്ങളിൽ വഞ്ചിയുമായി വെള്ളം തേടിയുള്ള യാത്രയും നെടുങ്ങാടുമായി ബന്ധിപ്പിച്ച് പറയാവുന്നതാണ്.

പിന്നീട് പഞ്ചായത്ത് രാജ് നിയമ ഭേദഗതി കേരളത്തിൽ നടപ്പിലാക്കിയപ്പോഴാണ് നെടുങ്ങാട് മനസ്സിൽ ഓടിയെത്തിയത്. നെടുങ്ങാടിന്റെ ചരിത്രം മാറ്റിയെഴുതുന്നതിൽ അങ്ങനെ ഈയുള്ളവനും പങ്കാളിയാകാൻ കഴിഞ്ഞു. 1996 –97 ലാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ സർക്കാർ പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കുമ്പോൾ അതിന് ഓമനപ്പേരായി ജനകീയാസൂത്രണം എന്ന പേരുമിട്ടു. അന്നത്തെ പഞ്ചാ

യത്ത് മെമ്പർ നായരമ്പലം സാൻജോപുരം ഹാളിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള മീറ്റിങ്ങിനെപ്പറ്റി പറഞ്ഞ്, വരണം എന്ന് നിർബന്ധിക്കുമ്പോൾ എത്തിപ്പെടാൻ കഴിയുമെന്ന പ്രതീക്ഷയുണ്ടായിരുന്നില്ല. സാൻജോപുരം ഹാളിൽ എത്തിപ്പെടുമ്പോൾ മീറ്റിങ്ങ് ഏതാണ്ട് അവസാന ഘട്ടത്തിലായിരുന്നു. ഇനിയുള്ളത് ജനകീയാസൂത്രണത്തിന്റെ ഭാഗമായി പ്രൊജക്ടുകൾ തയ്യാറാക്കാനുള്ള കമ്മിറ്റി രൂപീകരിക്കുകയാണ്. അന്നത്തെ പഞ്ചായത്ത് മെമ്പർ എന്റെ പേരും പത്ത് പേരുള്ള കമ്മിറ്റിയിൽ എഴുതി. വിലക്കുകൾ അവഗണിച്ച് എന്റെ പേരും കമ്മിറ്റിയിൽ എത്തിപ്പെട്ടു. പത്ത് പേരിൽ എട്ടു പേരും സ്ത്രീകളായിരുന്നു. പിറ്റേന്ന് മുതൽ 10 മണിക്ക് പഞ്ചായത്ത് ഓഫീസ് കോൺഫറസ് ഹാളിൽ പ്രൊജക്റ്റ് കമ്മറ്റി കൂടുന്നു എന്നു തീരുമാനമായി.

അന്നത്തെ നായരമ്പലം പഞ്ചായത്ത് ഓഫീസ് ഞങ്ങളുടെ ബസ് സ്റ്റോപ്പിനടുത്ത് തന്നെയായിരുന്നു. എൺപതുകളിൽ എന്നൊ പഞ്ചായത്തിന്റെ വകയായുള്ള ചെമ്മീകെട്ടായ പശുവേക്കർ ലേലം വിളിയിൽ പങ്കാളിയായപ്പോഴാണ് അവിടെയൊക്കെ കയറിയിട്ടുള്ളത് എന്നാണെന്റെ ഓർമ്മ. പറഞ്ഞപോലെ കമ്മിറ്റി കൂടുവാൻ പത്ത് മണിക്കു തന്നെ പഞ്ചായത്ത് ഓഫീസിന്റെ മുമ്പിൽ എത്തി. അടഞ്ഞു കിടക്കുന്ന പഞ്ചായത്ത് ഓഫീസിന്റെ എതിർവശത്തായുള്ള കടയുടെ ഓരത്തായി നിലകൊണ്ടു. പഞ്ചായത്ത് ഓഫീസിന്റെ പടി തുറക്കുമ്പോൾ ഏതാണ്ട് പത്തേകാൽ കഴിഞ്ഞിരിക്കണം. കമ്മിറ്റി ചെയർമാനായി പേരെഴുതിയ ആൾ വരുമ്പോൾ പത്തര കഴിഞ്ഞിരുന്നു. ഞങ്ങൾ ഇരുവരുംകൂടി പടികടക്കുമ്പോൾ റിട്ടയേർഡ് ആയ ആ അദ്ധ്യാപകൻ വിശദീകരണമെന്നോണം പറഞ്ഞു. സാധാരണ പത്തരയാണ് പഞ്ചായത്ത് ഓഫീസ് തുറക്കുന്ന സമയം.

കൃഷി സംബന്ധമായ പ്രൊജക്ടുകൾ കമ്മിറ്റി ചെയർമാൻ തയ്യാറാക്കാം എന്ന താത്പ്പര്യം അദ്ദേഹം ആദ്യമെ പറഞ്ഞു. രസകരമായി പറയട്ടെ പേരെഴുതിയ ബാക്കി എട്ടു പേർ ആരൊക്കെയാണെന്ന് അന്നും ഇന്നും അറിയാത്ത രഹസ്യമായി തുടരുന്നു. ഒരിക്കൽപോലും പ്രൊജക്ട് കമ്മിറ്റിയിൽ അവർ വന്നു ചേർന്നിട്ടില്ല. പിന്നീട ങ്ങോട്ട് കുറച്ച് നാളുകളിലെ ഏതാണ്ടെല്ലാ ദിവസങ്ങളിലും ദിനചര്യയെന്നോണം പതിനൊന്നു മണിയാവുമ്പോൾ പഞ്ചാ യത്ത് ഓഫീസിൽ എത്തും. ഒരു പ്രൊജക്ട് തയ്യാറാക്കും. ആരും ഉത്തരവാദിത്വം ഏൽക്കാനില്ലാതെ അലക്ഷ്യമായി മേശപ്പുറത്ത് കിടക്കുന്ന ഫയലിൽ കെട്ടി വയ്ക്കും. ആ വർഷം നായരമ്പലം പഞ്ചായത്തിന് പ്ലാൻ ഫണ്ടായി അറു പത് ലക്ഷമാണ് ലഭിച്ചത്. നാട്ടിൽ നൂറു രൂപയൊക്കെ കൂലി യുള്ള കാലമായിരന്നു.

കയ്യിൽ കിട്ടിയ കൈ പുസ്തകത്തിന്റെ താളുകളിൽ നിന്നു ലഭിച്ച വിവരം വച്ച് തയ്യാറാക്കിയ വലിയ പ്രൊജക്ടു കളിൽ ഒന്ന് നെടുങ്ങാട് പാലത്തിന്റേതായിരുന്നു. ജനകീയാ സൂത്രണത്തിലെ പ്രൊജക്ട് തയ്യാറാക്കുന്നതിന് 8 മുതൽ 10 വരെ ഹെഡിങ്ങുകളുണ്ടായിരുന്നു. നെടുങ്ങാട് നിവാസി കൾ അപ്പോഴേക്കും എന്റെ മനസ്സിൽ കയറിപ്പറ്റിയിരുന്നു. ആഴ്ചകൾ കഴിഞ്ഞിട്ടും നെടുങ്ങാട് പാലത്തിനായി തയ്യാറാ ക്കിയ പ്രൊജക്ട് ഉപേക്ഷിക്കാൻ ഞാൻ തയ്യാറായിരുന്നില്ല.

അക്കാലത്ത് ഞാൻ ഒരു ടാക്സി സർവ്വീസ് നടത്തി യിരുന്നു. ഡ്രൈവറെ വച്ചാണ് ടാക്സി സർവ്വീസ് നടത്തിയി രുന്നതെങ്കിലും ഡ്രൈവർ ലീവ് എടുക്കുന്ന ദിവസങ്ങളിൽ ഞാൻ തന്നെ ടാക്സി ഡ്രൈവറാകുമായിരുന്നു. അതുകൊ ണ്ടു തന്നെ നായരമ്പലം പഞ്ചായത്തിലെ ഇത്രയേറെ ആളു

കൾ താമസിക്കുന്ന നെടുങ്ങാടട്ടേയ്ക്ക് വാഹനം എത്തിപ്പെടാനുള്ള ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. പിന്നീട് കുഴുപ്പിള്ളിയിലുള്ള ഐസ് പ്ലാന്റുമായി മുന്നോട്ടു പോകുമ്പോഴും നെടുങ്ങാട് പാലം പ്രൊജക്ടിന്റെ പ്രായോഗികതയുടെ അന്വേഷണമുണ്ടായിരുന്നു. ഒരുപക്ഷെ ബ്ലോക്ക് പഞ്ചായത്തിനു അതിനു കഴിഞ്ഞേക്കും എന്നതായിരുന്നു ലഭിച്ച വിവരം. പിന്നീടങ്ങോട്ട് തയ്യാറാക്കിയ, നെടുങ്ങാട് പാലത്തിന്റെ കയ്യിൽ സൂക്ഷിച്ചിരുന്ന പ്രൊജക്ടിന്റെ ഫോട്ടോ കോപ്പിയെടുത്ത് പ്രൊജക്ട് യാഥാർത്ഥ്യമാക്കുന്നതിന്റെ ശ്രമത്തിലായി. അങ്ങനെയാണ് നെടുങ്ങാടിന്റെ ചരിത്രം തിരുത്തിക്കുറിക്കുന്നതിൽ എനിക്കും പങ്കാളിയാകാൻ കഴിഞ്ഞത്.

## രാഷ്ട്രീയക്കാരന്റെ കീശ വീർപ്പിക്കാനുള്ള ഉപാധികൾ

പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കുമ്പോൾ കേരളത്തിൽ അതിനു പേരു നൽകിയത് ജനകീയാസൂത്രണം എന്നതായിരന്നു. ഇടത്പക്ഷം അത്തരമൊരു പേരു നൽകി ഒരു ഇടത് ജനകീയ മുന്നേറ്റം സമൂഹത്തിൽ ഉണ്ടാക്കുവാൻ ശ്രമിച്ചു. അത്തരം മുന്നേറ്റം ഉണ്ടാക്കി അതിലൂടെ ജനവികാരം തങ്ങൾക്കനുകൂലമാക്കി തുടർ ഭരണം നേടിയെടുക്കാനുള്ള ശ്രമങ്ങളെ പക്ഷെ കേരളത്തിലെ മാധ്യമങ്ങൾ അത്ര പിന്തുണച്ചില്ല. 1996–97 കാലഘട്ടത്തിൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയോടെ ആരംഭം കുറിച്ച പഞ്ചായത്ത് രാജ് സംവിധാനത്തെ ജനകീയാസൂത്രണം എന്ന പേരു നൽകി ഒട്ടേറെ ലഘുലേഖകളും കൈപുസ്തകങ്ങളും അച്ചടിച്ചിറക്കി. അതിലെല്ലാം തങ്ങളുടെ ആശയങ്ങൾ പറയാതെ പറഞ്ഞ് പഠിപ്പിക്കാനുള്ള ശ്രമങ്ങൾ പക്ഷെ ചായക്കോപ്പയിലെ കൊടുങ്കാറ്റായി മാറുകയായിരുന്നു.

ജനകീയാസൂത്രണത്തിന്റെ സംഘാടകരായി എത്തിയവർ പലരും സർക്കാർ ജോലിയിൽ അലസത പുലർത്തുന്ന സംഘടനാ ജീവക്കാരും സംവരണ സംവിധാനത്തിൽ എത്തിപ്പെട്ടവരുമായിരുന്നു. ജനകീയാസൂത്രണം എന്ന പേരിൽ സംഘടിപ്പിച്ച വിപുലവും ചെലവേറിയതുമായ ക്ലാസ്സുകളിൽ പങ്കെടുത്തവരും ഏറെക്കുറെ അക്ഷര ജ്ഞാനം

മാത്രം നേടിയവരായിരുന്നു. പോരാത്തതിന് കേരളത്തിലെ പഞ്ചായത്ത് സംവിധാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരിൽ നല്ലൊരു വിഭാഗവും ജനകീയാസൂത്രണത്തിന്റെ പേരിൽ അച്ചടിച്ചിറക്കിയ നൂറു കണക്കിനു പേജ് വരുന്ന പുസ്തക ങ്ങൾക്ക് കടലാസിന്റെ വിലയ്ക്ക് തൂക്കിവിൽപ്പന നടത്താൻ മാത്രം പര്യാപ്തരായവരും ആയിരുന്നു.

ഞാൻ ഉൾപ്പെടുന്ന പഞ്ചായത്ത് ഉൾപ്പടെയുള്ള സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തിരഞ്ഞെടുക്കപ്പെ ട്ടവർക്ക് സമഗ്ര വികസനം എന്ന ആശയം ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യവുമായിരിന്നു. ഒന്നാമത് വ്യവസാ യിക കാലാവസ്ഥ നശിപ്പിക്കുന്നതിൽ മുന്നണി പോരാളിക ളായി കേരളത്തിലെ നല്ലൊരു വിഭാഗം ജനങ്ങളും കാണുന്ന വർ തന്നെ സമഗ്ര വികസനം എന്ന ആശയം മുന്നോട്ട് വക്കുന്നത് നല്ലൊരു ആശയം എന്ന നിലയിൽ മാത്രമെ കാണാൻ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തുകൾ മുന്നോട്ടു വയ്ക്കുന്ന സമഗ്ര വിക സനം കൂടുതൽ റോഡുകൾ എന്നതിലുപരിയായി കാണു വാൻ ഏവർക്കും സാധിക്കാതെ വന്നു.

ജനകീയാസൂത്രണത്തിന്റെ പേരിൽ എത്രമാത്രം കോടികൾ സംഘാടനത്തിനായി ചിലവഴിച്ചു എന്ന കണക്ക് എവിടെയെങ്കിലും വ്യക്തമാക്കിയിട്ടുണ്ടോ എന്നറിയില്ല. അത്രമാത്രം ചിലവിനങ്ങൾ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന തിനും സൽക്കാരങ്ങൾക്കും കൈപ്പുസ്തകങ്ങൾ അച്ചടിക്കു ന്നതിനും മറ്റുമായി ചിലവഴിച്ചിട്ടുണ്ട്.

ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ ജനകീയാസൂത്രണം എന്ന പേരിൽ പലയിടങ്ങളിലും നീണ്ടു നീണ്ടു പോവുകയും

ചെയ്തു.  ഞങ്ങളുടെ പഞ്ചായത്തിലെ വികസന രേഖയുടെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ ജൂണിനു മുമ്പ് തയ്യാറാക്കണ മെന്ന അവസാനതല നിർദ്ദേശം പോലും അവഗണിക്കപ്പെട്ടു. അതുകൊണ്ടു തന്നെ ലഭിച്ച കൈപ്പുസ്തകങ്ങളുടെ സഹായ ത്താൽ അതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ അനുസ രിച്ച് വികസന രേഖയുടെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ ഞാൻ തയ്യാറാക്കുകയുണ്ടായി.  പക്ഷെ തയ്യാറാക്കിയ ഒന്നും രണ്ടും അദ്ധ്യായങ്ങൾ മേൽ ഘടകത്തിലെ സംഘാടകരി ലൊരാൾ ഒന്നു വായിച്ചു നോക്കുകപോലും ചെയ്യാതെ, ഒരു കള്ളനെപ്പോലെ അദ്ദേഹത്തിന്റെ ബാഗിലിട്ടു കൊണ്ടു പോവുകയാണ് ചെയ്തത് എന്നതുതന്നെ എത്രമാത്രം ലാഘ വത്തോടെയാണ് പഞ്ചായത്ത് രാജ് സംവിധാനത്തെ നോക്കി കാണുന്നത് എന്നു വ്യക്തമാവുന്നു.

ഈ വർഷം ഞങ്ങളുടെ പഞ്ചായത്തിനു ലഭിച്ചിരി ക്കുന്ന പ്ലാൻ ഫണ്ട് നാലു കോടിയോളം തുക വരുന്നു എന്ന തുതന്നെ എത്രമാത്രം വിശാലമായ അധികാരങ്ങളാണ് പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ പഞ്ചായത്തുകൾക്ക് ലഭ്യമായിരിക്കുന്നത് എന്നു കാണാം.  പക്ഷെ അതിനുതക്ക വിദ്യാഭ്യാസവും ധാർമ്മിക ബോധവുമുള്ളവരെ പഞ്ചായ ത്തുകളിലേക്ക് തിരഞ്ഞെടുക്കാനോ ഇത്രയും വിപുലമായ തുകയുടെ പദ്ധതികൾ കൃത്യമായി നടത്തപ്പെടുന്നു എന്നു കൂടിയാലോചന നടത്താനോ തയ്യാറാകാതിരിക്കുന്നിട ത്തോളം കാലം പഞ്ചായത്തുകൾക്ക് ലഭിക്കുന്ന ഈ പ്ലാൻ ഫണ്ടുകളും രാഷ്ട്രീയക്കാരന്റെ കീശ വീർപ്പിക്കാനുള്ള ഉപാധിയായി മാറുക തന്നെ ചെയ്യും.




സംസ്ക്കാര, കൊച്ചി-682509
9446459784